# ഔഷധീയ മൃദു - കുറ്റിച്ചെടികൾ

ഡോ. പി. പി. ജോയ്, അസി. പ്രൊഫസർ
സുഗന്ധതൈല-മരുന്നുചെടി ഗവേഷണകേന്ദ്രം, ഓടക്കാലി

## വയമ്പ്

### പ്രാധാന്യം

ചതുപ്പുനിലങ്ങളിലും കുളങ്ങളിലും മറ്റും വളരുന്ന ഒരു ഔഷധസസ്യമാണ് വയമ്പ്. ഭൂമിക്കടിയിൽ സമാന്തരമായി വളരുന്ന മൂലകാണ്ഡത്തിന്റെ ഉപരിതലത്തിൽ നിന്നും ധാരാളം വേരുകൾ വളരുന്നു. വെള്ളം കെട്ടിനിൽക്കുന്ന സ്ഥലങ്ങളിൽ ഇലകൾ വളർന്ന് ജലോപരിതലത്തിൽ പടർന്നു നിൽക്കുന്നു. ബുദ്ധിശക്തി, ഓർമ്മശക്തി ഇവ വർദ്ധിപ്പിക്കുന്നതിനും, അപസ്മാരം, ഉൻമാദം തുടങ്ങിയ മാനസികരോഗങ്ങളുടെ ചികിൽസക്കും കഫം കുറയ്ക്കുന്നതിനും മറ്റുമാണ് വയമ്പ് പ്രധാനമായും ഉപയോഗിക്കുന്നത്. കണ്ഠരോഗങ്ങൾ, ദന്തരോഗം, കുഷ്ഠം, മലബന്ധം, മൂത്രതടസ്സം മുതലായ രോഗങ്ങൾക്ക് പ്രതിവിധിയായും വയമ്പ് ഉപയോഗിക്കാറുണ്ട്. ശീതളപാനീയങ്ങൾക്ക് മണവും രുചിയും നൽകാൻ വയമ്പുപയോഗിക്കാറുണ്ട്. വയമ്പ് താളിയിൽ ചേർത്ത് തലയിൽ തേച്ചാൽ പേൻ, ഈര് ഇവയുടെ ശല്യത്തിന് ശമനം കിട്ടും. വയമ്പ് ഉണക്കിപ്പൊടിച്ച് വിതറിയാൽ മൂട്ടയെ നശിപ്പിക്കാൻ സാധിക്കും.

### കൃഷിരീതികൾ

അരേസിയേ എന്ന സസ്യകുടുംബത്തിൽ പെടുന്ന വയമ്പിന്റെ ശാസ്ത്രനാമം അകോറസ് കലാമസ് എന്നാണ്. ക്രോമസോമുകളുടെ എണ്ണത്തിനനുസരിച്ച് പ്രധാനമായും മൂന്നിനം വയമ്പുകളാണ് റിപ്പോർട്ടു ചെയ്തിട്ടുള്ളത്. അകോറസ് കലാമസ് അമേരികാനസ് (ഡിപ്ലോയിഡ്), അകോറസ് കലാമസ് വൾഗാരിസ് (ട്രിപ്ലോയിഡ്), അകോറസ് കലാമസ് അൻഗസ്റ്റേറ്റസ് (ടെട്രാപ്ലോയിഡ്) എന്നിവ. വയമ്പ് എല്ലാത്തരം മണ്ണിലും വളരുമെങ്കിലും നെല്ല് വളരുന്നതു പോലുള്ള നിലങ്ങളാണ് വയമ്പ് കൃഷി ചെയ്യാൻ ഏറ്റവും യോജിച്ചത്. എക്കൽമണ്ണിലും കളിമണ്ണിലും ഇത് നന്നായി വളരും. ഉഷ്ണമേഖലാ പ്രദേശങ്ങളിലും സമശീതോഷ്ണമേഖലയിലും ആണ് വയമ്പ് ധാരാളമായി കാണപ്പെടുന്നത്. നല്ല സൂര്യപ്രകാശവും മഴയും ഇതിന്റെ വളർച്ചക്ക് വളരെ പ്രധാനപ്പെട്ടതാണ്.നെല്ല് കൃഷി ചെയ്യാൻ പാടം ശരിയാക്കുന്നതു പോലെ തന്നെ നന്നായി വെള്ളം വിട്ടതിനു ശേഷം കൃഷിയിടം ഉഴുതുമറിക്കണം. മുറിച്ചെടുത്ത വയമ്പിന്റെ തട ഏകദേശം 5 സെ.മീ. ആഴത്തിൽ 30 x 30 സെ. മീ. അകലത്തിൽ ഉഴുത പാടത്ത് നടാം. ആദ്യലൈനിൽ ഉള്ള രണ്ടു ചെടികളുടെ മദ്ധ്യഭാഗത്തായി രണ്ടാമത്തെ ലൈനിലുള്ള തൈകൾ വളരുന്ന പാകത്തിനു വേണം ചെടികൾ നടുവാൻ. ഒരുഹെക്ടർ സ്ഥലത്തിന് 25 ടൺ പ്രകാരം ചാണകമോ ജൈവവളമോ നൽകണം. കൂടാതെ പാക്യജനകം, ഭാവഹം, ക്ഷാരം ഇവ ഹെക്ടറിന് 25:50:60 കിലോഗ്രാം പ്രകാരം ഒരു വർഷം നൽകണം. ജൈവവളങ്ങൾ മണ്ണ് ഉഴുന്ന സമയം നൽകുകയും ബാക്കി വളങ്ങൾ വർഷത്തിൽ 3 പ്രാവശ്യമായി നൽകുകയുമാണുത്തമം. ചെടികൾക്ക് നന നന്നായി ആവശ്യമാണ്. കൃഷിസ്ഥലത്ത് 5 സെ. മീ. കനത്തിൽ വെള്ളം കെട്ടിനിർത്തുന്നതാണ് ഏറ്റവും ഉചിതം. ചെടികൾ വളരുന്നതനുസരിച്ച് വെള്ളത്തിന്റെ ആഴം വർദ്ധിപ്പിച്ച് 110 സെ. മീ. വരെയാക്കാം. വിളവെടുപ്പിന് രണ്ടാഴ്ചമുമ്പ് കൃഷിസ്ഥലത്തെ വെള്ളം ഒഴുക്കിക്കയണം.വയമ്പിന്റെ ഇലകൾ മഞ്ഞനിറമായി ഉണങ്ങിത്തുടങ്ങുമ്പോൾ വിളവെടുക്കുവാൻ പാകമാകും. ചെടികൾ നട്ട വർഷം തന്നെ വിളവെടുപ്പിന് പാകമാകും. മണ്ണിൽ അൽപം നനവുള്ളത് കിഴങ്ങ് ശേഖരിക്കൽ കൂടുതൽ എളുപ്പമാക്കും. ഏകദേശം 60 സെ. മീ. ആഴത്തിലും 30 സെ. മീ. ചുറ്റളവിലും കിഴങ്ങുണ്ടാകും. മണ്ണിൽ നിന്നും പറിച്ചെടുത്ത കിഴങ്ങുകൾ 5–7.5 സെ. മീ. വരെ വലിപ്പമുള്ള കഷണങ്ങളാക്കി മുറിച്ചെടുക്കണം. ഇങ്ങനെ മുറിക്കുന്നതിനു മുമ്പായി കിഴങ്ങിൽനിന്നും വേരുകൾ പറിച്ചു മാറ്റണം. തുടർന്ന് വെയിലിൽ ഉണങ്ങി വിപണനം നടത്താം. ഒരു ഹെക്ടർ സ്ഥലത്തുനിന്നും 7–10 ടൺ വരെ വയമ്പ് ലഭിക്കും.

## ചിറ്റരത്ത

### പ്രാധാന്യം

ഒന്നരമീറ്റർവരെ ഉയരത്തിൽ വളരുന്ന ഒരു ഔഷധസസ്യമാണ് ചിറ്റരത്ത. ആയുർവ്വേദ ഔഷധങ്ങളിൽ പ്രസിദ്ധങ്ങളായ രാസ്നാദിചൂർണ്ണം, രാസ്നാദി കഷായം, രാസ്നാസവം, മഹാരാസ്നാദി കഷായം, രാസ്ന സപ്തകം, രാസ്നൈരണ്ടാദി കഷായം, രാസ്നാദശമൂലക്വാഥം തുടങ്ങിയവയിൽ ഇത് ഒരു പ്രധാന ചേരുവയാണ്. ദഹനശക്തി വർദ്ധിപ്പിക്കാനും, കഫ–വാത രോഗങ്ങൾ ശമിപ്പിക്കാനും വാതസംബന്ധമായ വേദനകൾ അകറ്റാനും ഉപകരിക്കുന്നു. ഇത് ശ്വാസകോശരോഗങ്ങൾ ദൂരീകരിക്കുകയും അർശോരോഗങ്ങൾ ഇല്ലാതാക്കുകയും വായിലെ ദുർഗന്ധം അകറ്റുകയും ചെയ്യും. ചിറ്റരത്ത ആട്ടിൻപാലിൽ കഷായം വച്ചു സേവിച്ചാൽ ആസ്ത്മാ രോഗത്തിന് ആശ്വാസം ലഭിക്കും. കുളി കഴിഞ്ഞ് ചിറ്റരത്ത പൊടിച്ച് തലയിൽ

തിരുമ്മിയാൽ നീർവീഴ്ച ഉണ്ടാകില്ല. രക്തസമ്മർദ്ദം സാധാരണഗതിയിലാക്കുന്നതിനും ഒച്ചയടപ്പു മാറ്റുന്നതിനും പ്രമേഹരോഗത്തിനും ചിറ്ററത്ത ചേർന്ന ഔഷധങ്ങൾ നൽകാറുണ്ട്.

### കൃഷിരീതികൾ

സിൻജിബെറേസിയേ കുടുംബത്തിൽ പെടുന്ന ചിറ്ററത്തയുടെ ശാസ്ത്രനാമം ആൽപീനിയ കാൽക്കരേറ്റ എന്നാണ്. നാടൻ ഇനങ്ങളാണ് കൃഷി ചെയ്തു വരുന്നത്.ചതുപ്പുസ്ഥലങ്ങളിലും നല്ല മഴ ലഭിക്കുന്ന ഉഷ്ണമേഖലാ പ്രദേശങ്ങളിലുമാണ് ഈ സസ്യം കൂടുതലായി കണ്ടു വരുന്നത്. കേരളം, കർണ്ണാടക, തമിഴ്നാട്, ബംഗാൾ, ബീഹാർ, മദ്ധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ ഇതു സുലഭമാണ്. നീർവാർച്ച കുറഞ്ഞ എക്കൽ മണ്ണാണ് ഉത്തമം. എങ്കിലും മിക്ക മണ്ണിനങ്ങളിലും ഇതു കൃഷിചെയ്യാവുന്നതാണ്.ഇഞ്ചി കൃഷി പോലെയാണ് ചിറ്ററത്തയും കൃഷി ചെയ്യുന്നത്. ഭൂകാണ്ഡമാണ് നടാനുപയോഗിക്കുന്നത്. കാലവർഷാരംഭത്തോടെ കൃഷിസ്ഥലം നന്നായി ഉഴുത് നിരപ്പാക്കി ഹെക്ടറൊന്നിന് 10 ടൺ ജൈവവളം ചേർത്ത് 15 സെ.മീ. പൊക്കവും ഒരു മീറ്റർ വീതിയുമുള്ള വാരങ്ങളെടുത്താണ് ചിറ്ററത്ത നടുന്നത്. വാരത്തിൽ 30 സെ. മീ. അകലത്തിൽ കൈക്കുഴികൾ എടുത്ത് 5 സെ. മീ. നീളത്തിൽ കഷണങ്ങളാക്കിയ ചിറ്ററത്തയുടെ കാണ്ഡം നടണം. ചാണകപ്പൊടി കൊണ്ട് കുഴി മൂടി ചപ്പിലകളോ കച്ചിയോ കൊണ്ട് പുതയിടണം. മൂന്നു നാലാഴ്ചകൊണ്ട് ചെടി മുളച്ച് വളർന്നു തുടങ്ങും. ഒരു മാസത്തിനു ശേഷം പാഴു പോക്കി കളകൾ നീക്കി വളമിട്ട് മണ്ണണയ്ക്കണം. ഹെക്ടറൊന്നിന് പ്രതിവർഷം 100:50:50 കിലോഗ്രാം പാക്യജനകം, ഭാവഹം, ക്ഷാരം എന്നിവ 2–3 തവണകളായി നൽകുന്നത് നല്ലതാണ്. ജൈവവളങ്ങളും പച്ചിലവളങ്ങളും ചെടികളുടെ നല്ല വളർച്ചക്ക് സഹായകമാണ്. ചെടി നന്നായി വളർന്നു കഴിഞ്ഞാൽ പിന്നെ കളകൾ വളരുകയില്ല. തെങ്ങിൻതോപ്പിലും റബ്ബർതോട്ടങ്ങളിലും ചിറ്ററത്ത ഇടവിളയായി കൃഷി ചെയ്യാം. രോഗങ്ങളും കീടങ്ങളും സാധാരണയായി ഇതിൽകാണാറില്ല.ചിറ്ററത്ത ഒന്നരവർഷം മുതൽ വിളവെടുക്കാമെങ്കിലും മൂന്നാം വർഷമാണ് ഏറ്റവും ഉയർന്ന വിളവ് ലഭിക്കുന്നത്. ആഴത്തിലുള്ള ബലമേറിയ വേരുകൾ ഉള്ളതുകൊണ്ട് ചിറ്ററത്ത പറിച്ചെടുക്കുവാൻ പ്രയാസമുണ്ട്. ആദ്യം മണ്ണിനു മുകളിലുള്ള ഭാഗങ്ങൾ വെട്ടിനീക്കി ഭൂകാണ്ഡം മൺവെട്ടി കൊണ്ട് കിളച്ചെടുക്കണം. അതിനുശേഷം വേരും തണ്ടും നീക്കം ചെയ്തു കഴുകി 5 സെ. മീ. നീളമുള്ള കഷണങ്ങളായി മുറിച്ച് നാലഞ്ചു ദിവസം വെയിലത്തു വച്ചുണക്കി വിൽപ്പന നടത്താം. നല്ല രീതിയിൽ പരിചരിച്ചാൽ ഒരു ഹെക്ടറിൽനിന്നും 20–25 ടൺ ചിറ്ററത്ത ലഭിക്കും. ചിറ്ററത്തയുടെ ഭൂകാണ്ഡത്തിലും വേരിലും തൈലം അടങ്ങിയിട്ടുണ്ട്. മൂന്നു നാലു മണിക്കൂർ ആവി വാറ്റു നടത്തിയാൽ ഭൂകാണ്ഡത്തിൽ നിന്ന് 0.22% വും വേരിൽ നിന്ന് 0.5% വും തൈലം ലഭിക്കും.

## ബ്രഹ്മി

### പ്രാധാന്യം

ഈർപ്പമുള്ള പ്രദേശങ്ങളിലും ചെളിക്കുണ്ടുകളിലും നന്നായി വളരുന്ന ഒരു ഔഷധസസ്യമാണ് ബ്രഹ്മി. നിലത്ത് പറ്റിപിടിച്ച് വളരുന്ന ഈ ഔഷധസസ്യത്തിന് ധാരാളം ശാഖകൾഉണ്ട്. ശാഖകളിലെ പർവസന്ധികളിൽ നിന്നും വേരുകൾ ഉണ്ടാകുന്നു. നാഡികളെ ഉത്തേജിപ്പിക്കുന്നതിനും ഹൃദയഭിത്തികളുടെ സങ്കോചവികാസക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉപയോഗിക്കുന്ന ഒരൗഷധസസ്യമാണിത്. ഒളരെ കുറഞ്ഞ അളവിൽ കഴിച്ചാൽ ബ്രഹ്മി ബുദ്ധിശക്തിയും ഓർമശക്തിയും വർദ്ധിപ്പിക്കും. എന്നാൽ അധികമായാൽ വിരേചനം ഉണ്ടാക്കും. പച്ച ബ്രഹ്മി അരച്ചു പുരട്ടിയാൽ അപക്വവ്രണങ്ങൾ പഴുത്തുപൊട്ടുന്നു. കൂടാതെ ഉന്മാദം, അപസ്മാരം തുടങ്ങിയ രോഗങ്ങളുടെ ചികിൽസക്കും ബ്രഹ്മി ഉപയോഗിക്കാം.

### കൃഷിരീതികൾ

സ്ക്രോഫുലാരിയേസിയേ എന്ന സസ്യകുടുംബത്തിൽ പെടുന്ന ഈ ചെടിയുടെ ശാസ്ത്രനാമം ബാക്കോപ മൊണ്ണിയേരി എന്നാണ്. ബ്രഹ്മിയിലെ പുതിയ ഇനങ്ങൾ സുബോധക്, പ്രഗ്യശക്തി എന്നിവയാണ്.സമുദ്രനിരപ്പിൽനിന്നും 1200 മീറ്റർ വരെ ഉയർന്ന പ്രദേശങ്ങളിൽ ബ്രഹ്മി വളരും. സാമാന്യം ചൂടും ഈർപ്പവുമുള്ള പ്രദേശങ്ങളാണ് ബ്രഹ്മി കൃഷി ചെയ്യാൻ യോജിച്ചത്. നീരൊഴുക്കുള്ള പ്രദേശങ്ങളാണ് ബ്രഹ്മിക്ക് ഏറ്റവും യോജിച്ചത്.വിത്ത് പാകി മുളപ്പിച്ചോ തണ്ട് മുറിച്ചു നട്ടോ ബ്രഹ്മിയുടെ തൈകൾ ഉണ്ടാക്കാം. നന്നായി ഉഴുത് ശരിയാക്കിയ മണ്ണിൽ 2–3 ടൺ ചാണകം ഹെക്ടറിന് എന്ന കണക്കിനിട്ട് നന്നായി മണ്ണിൽ ഉഴുത് ഇളക്കിച്ചേർക്കുക. ഏതാണ്ട് 10 സെ. മീ. നീളത്തിൽ തണ്ടുകൾ മുറിച്ചെടുത്ത് 20 സെ. മീ. അകലം കണക്കാക്കിനടുക. മണ്ണിൽ നന്നായി വെള്ളം നിർത്തിക്കൊടുക്കണം. 15–20 ദിവസം കൊണ്ട് നട്ട തണ്ടുകൾ വേരുപിടിച്ച് തുടങ്ങും. ആറുമാസംകൊണ്ട് നന്നായി പടർന്നു പിടിക്കും. ഏകദേശം 100 കിലോഗ്രാം പാക്യജനകം, 60 കിലോഗ്രാം ഭാവഹം, 60 കിലോഗ്രാം ക്ഷാരം ഇവ ഒരു ഹെക്ടർ സ്ഥലത്തിന് മൂന്നു തവണയായി കൊടുക്കണം. കൂടാതെ ഇടയ്ക്കിടയ്ക്ക് ജൈവവളങ്ങൾ നൽകുന്നത് നല്ലതാണ്. തൈകൾ വളരുന്ന കാലത്ത് മണ്ണിൽ നന്നായി വെള്ളം നിർത്തിക്കൊടുക്കണം.ഏതാണ്ട് ആറുമാസമെത്തുമ്പോൾ വിളവെടുത്ത് തുടങ്ങാം. മാസത്തിൽ ഒരു തവണ എന്ന കണക്കിൽ ബ്രഹ്മി പറിച്ചെടുക്കാം. ഏതാണ്ട് 3 വർഷമെത്തുമ്പോൾ മുഴുവൻ വിളയും ശേഖരിച്ച ശേഷം വീണ്ടും വിളയിറക്കുന്നതാണ് നല്ലത്.

## നിലപ്പന

### പ്രാധാന്യം

ദശപുഷ്പങ്ങളിൽ ഒന്നായ വ്യാജീകരണ ഔഷധമാണ് നിലപ്പന. ഇതു നിലത്തോടു ചേർന്ന് പനപോലെ വളരുന്നു. മണ്ണിൽ ഊർന്നിറങ്ങി വളരുന്ന ഇതിന്റെ കിഴങ്ങിൽ ധാരാളം സ്റ്റാർച്ച് അടങ്ങിയിരിക്കുന്നു. ധാതു പുഷ്ടിക്കായി നിലപ്പനക്കിഴങ്ങ് ഉണക്കിപ്പൊടിച്ച് പാലിൽ കലക്കി കാച്ചി പഞ്ചസാര ചേർത്ത് കഴിക്കാം. നിലപ്പനക്കിഴങ്ങ് അരച്ചു കലക്കി മുലപ്പാലും ചേർത്ത് എണ്ണ കാച്ചി തലയിൽ തേച്ചുകുളിക്കുന്നത് പീനസ ത്തിനു നല്ലതാണ്. ത്രിഫലപ്പൊടി, നിലപ്പനക്കിഴങ്ങുപൊടി ഇവ യോജിപ്പിച്ച് തേനിൽ കഴിച്ചാൽ വെള്ള പോക്ക് ശമിക്കും. കായിക–ലൈംഗീക ശേഷി വർദ്ധിപ്പിക്കുവാനും ഇതുപയോഗിക്കുന്നു. വിദാര്യാദിഘൃ ദം, വിദാര്യാദിലേഹ്യം, മർമ്മഗുളിക, മുസല്യാദിചൂർണ്ണം മുതലായ ആയുർവ്വേദ ചേരുവകളിൽ ഇതടങ്ങിയി രിക്കുന്നു. 'ഇൻഡ്യൻ വയാഗ്ര'യായും ഇതിനെ പരിഗണിക്കുന്നവരുണ്ട്.

### കൃഷിരീതികൾ

സംസ്കൃതത്തിൽ മുസലി എന്നറിയപ്പെടുന്ന നിലപ്പനയുടെ ശാസ്ത്രനാമം കുർകുലിഗോ ഓർക്കിയോ യ്ഡ്സ് (*Curculigo orchioides*) എന്നാണ്. ഇത് അമാരില്ലിഡേസിയേ (Amarillidaceae) കുടുംബ ത്തിൽപെടുന്നു. അടുത്ത കാലത്തായി ഈ ചെടിയിൽ താൽപര്യം വർദ്ധിച്ചിട്ടുണ്ടെങ്കിലും മുന്തിയ ഇനങ്ങ ളൊന്നും ഇതേവരെയും വികസിപ്പിച്ചെടുത്തിട്ടില്ല.സമുദ്രനിരപ്പിൽനിന്ന് 230 മീ. ഉയരം വരെ ഇന്ത്യയിൽ എല്ലായിടത്തും തന്നെ ഇതു കണ്ടു വരുന്നുണ്ടെങ്കിലും വംശനാശത്തെ നേരിട്ടു കൊണ്ടിരിക്കുന്ന ഒരു ചെടിയാണിത്. അറ്റു ചെടികളുമായി മത്സരം വേണ്ടാത്തതും തണലുള്ളതുമായ വനാന്തരങ്ങളിലും റബ്ബർതോട്ടങ്ങളിലും ഇതു കണ്ടു വരുന്നു. ഊർപ്പവും ജൈവാംശവുമുള്ള മിക്ക മണ്ണിനങ്ങളിലും ഇതു വള രും.പൊതുവെ വളരെ സാവധാനം വളരുന്നതും മത്സരസ്വഭാവം ഇല്ലാത്തതുമായ ഒരു ചെടിയാണിത്. അതുകൊണ്ട് ഇതിന്റെ കൃഷിക്ക് ഏറെ ശ്രദ്ധ ആവശ്യമാണ്. മത്സരസ്വഭാവമുള്ളതും പെട്ടെന്നു വളരുന്നതു മായ മുന്തിയ ഇനങ്ങൾ വികസിപ്പിച്ചെടുക്കുകയാണ് ഇന്നത്തെ അടിയന്തിരാവശ്യം. ഇലമുളച്ചിച്ചെടിയെ പോലെ മഴക്കാലത്ത് മണ്ണുമായി തൊട്ടിരിക്കുന്ന ഇലാഗ്രങ്ങളിൽ നിന്ന് മുളപൊട്ടി പുതിയ ചെടികൾ വളർന്നുവരും. പനവൃക്ഷത്തോടു സാദൃശ്യമുള്ള ഈ ബഹുവർഷിചെടിയുടെ പല പേരുകളും ഇതിന്റെ രൂപത്തെ കുറിക്കുന്നതാണ്. ഇതിന്റെ മാംസളമായ മൂലകാണ്ഡം മണ്ണിൽ വളർന്നു കൊണ്ടേയിരിക്കും. പ്രതികൂലസാഹചര്യങ്ങളെ തരണം ചെയ്യുന്നതിന് സഹായകമായ രീതിയിലാണ് മൂലകാണ്ഡത്തിന്റെ ഘട ന. ഇലകൾ റോസെറ്റാകൃതിയിൽ വിന്യസിച്ചിരിക്കുന്നു. പുഷ്പ മഞ്ജരി ഇലകളുടെ കക്ഷങ്ങളിൽ നിന്നു ത്ഭവിക്കുന്നു. പൂക്കൾക്ക് തെളിഞ്ഞ മഞ്ഞനിറമാണ്. ഫലം 1.2 സെ. മീറ്ററോളം നീളമുള്ള ക്യാപ്സൂളു കളാണ്. ഇതിനുള്ളിൽ ഒന്നുമുതൽ നാലു വരെ കറുത്തു തിളങ്ങുന്ന വിത്തുകൾ ഉണ്ട്. വിത്തുകൾക്ക് അങ്കുരണശേഷി കുറവാണ്. മൂലകാണ്ഡമാണ് നടുന്നത്. ഒരു ഹെക്ടറിന് 750 കിലോഗ്രാം നടീൽവസ്തു വേണം. കാലവർഷാരംഭത്തോടെ നിലം നന്നായി ഉഴുതൊരുക്കി ഹെക്ടറൊന്നിന് 10 ടൺ ജൈവവളം എന്ന കണക്കിൽ ചേർത്ത് 15 സെ. മീ. പൊക്കവും ഒരു മീറ്റർ വീതിയുള്ള വാരങ്ങളെടുക്കുന്നു. വാരങ്ങ ളിൽ 10–15 സെ. മീ. അകലത്തിൽ നിലപ്പനയുടെ മൂലകാണ്ഡം നട്ട് ചപ്പുചവറുകളോ കച്ചിയോ കൊണ്ട് കനംകുറച്ച് പുതയിടുന്നത് നല്ലതാണ്. കനംകൂട്ടി പുതയിട്ടാൽ ചെടി മുളച്ചുവരുന്നതിന് തടസ്സമായിത്തീ രാം.ചെടിയുടെ സംരക്ഷണത്തിനും ശരിയായ വളർച്ചയ്ക്കും കുടെക്കൂടെ കളകൾ നീക്കംചെയ്യണം. മൂല കാണ്ഡം മുകളിലേക്ക് വണ്ണംവച്ചു വളരുന്നതുകൊണ്ട് ഇടയ്ക്കിടെ മണ്ണണച്ചു കൊടുക്കുന്നതും നല്ലതാ ണ്. ചെറിയ തോതിലുള്ള രാസവളപ്രയോഗവും ജൈവീകവളപ്രയോഗവും അഭിലഷണീയമാണ്. തണൽ ഇഷ്ടപ്പെടുന്ന ചെടി യായതു കൊണ്ട് വൃക്ഷവിള—കളുടെ ഇടയിൽ ഇടവിളയായി കൃഷി ചെയ്യുന്നതാണു ത്തമം. എലിയ്ക്ക് ഇതിന്റെ കിഴങ്ങ് വളരെ ഇഷ്ടമായതുകൊണ്ട് ഈ വിളയിൽ എലിശല്യം വളരെ കൂടുത ലാണ്. കൊടുവേലിയുടെ ഇടയിൽ കൃഷി ചെയ്യുന്നത് എലിശല്യം കുറയ്ക്കും. നിലപ്പനക്കൃഷി വിജയിപ്പി ക്കുവാൻ എലിനിയന്ത്രണത്തിനുള്ള എല്ലാ മുൻകരുതലുകളും എടുത്തിരിക്കണം. മഴക്കാലത്ത് കണ്ടുവ രുന്ന ചീയൽ രോഗം ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ച് നിയന്ത്രിക്കാം.നിലപ്പന ഒരു ബഹുവർഷിയാണെങ്കിലും ഇതിന്റെ മണ്ണിനു മുകളിലുള്ള ഭാഗം വേനൽക്കാലത്ത് ഉണങ്ങിക്കരിഞ്ഞുപോ കും. ആവശ്യത്തിനുള്ള മഴ ലഭിക്കുന്നതോടെ വീണ്ടും മുളപൊട്ടി കിളിർത്തുവരും. ആദ്യവർഷം ഇല ഉണ ങ്ങിക്കഴിയുമ്പോൾ പറിച്ചെടുത്താൽ 3000–4000 കിലോഗ്രാം വിളവു ലഭിക്കും. ഇതരിഞ്ഞുണങ്ങിയെടു ത്താൽ 35–40% ഉണക്ക ലഭിക്കും. രണ്ടാം വർഷമാണ് പറിച്ചെടുക്കുന്നതെങ്കിൽ ഇതിന്റെ ഇരട്ടിയോളം വിളവ് പ്രതീക്ഷിക്കാം.

## മാങ്ങായിഞ്ചി

### പ്രാധാന്യം

സിഞ്ചിബറേസിയേ സസ്യകുടുംബത്തിലെ അംഗമായ മാങ്ങായിഞ്ചി അധികം പ്രചാരം ലഭിച്ചിട്ടി ല്ലാത്ത ഒരു സുഗന്ധവ്യഞ്ജനമാണ്. പച്ചമാങ്ങയുടെ മണവും ഇഞ്ചിയുടേയും മഞ്ഞളിന്റേയും ഇടകലർന്ന രുചിയും നാക്കിന് മധുരവും ചവർപ്പും നൽകുന്ന ഈ സസ്യം ഔഷധപ്രാധാന്യത്തിലും ഒട്ടും പിന്നിലല്ല.

മഞ്ഞളിന്റെ ജനുസ്സിൽ പെട്ട മാങ്ങായിഞ്ചിയുടെ ശാസ്ത്രനാമം കുർകുമ അമഡ എന്നാണ്. മാങ്ങായിഞ്ചിയുടെ ഇലകൾക്ക് മഞ്ഞളിന്റെ ഇലയേക്കാൾ വീതിയും ഇരുണ്ട പച്ചനിറവുമാണ്. മഞ്ഞളിന്റെ ഭൂകാണ്ഡത്തിന് ഓറഞ്ച് കലർന്ന പച്ചനിറമാണെങ്കിൽ മാങ്ങായിഞ്ചിയുടേതിന് ഇഞ്ചിയുടേതു പോലെ ഇളംമഞ്ഞ കലർന്ന വെളുത്ത നിറമാണ്. ഇവയുടെ നാരിന്റെ അംശം ഇഞ്ചിയുടേതിനേക്കാൾ കുറവാണ്.

### കൃഷിരീതികൾ

കേരളത്തിൽ പൊതുവെ കൃഷി ചെയ്യുന്നത് പ്രാദേശിക ഇനങ്ങളാണ്. എന്നാൽ ഒറീസ്സ സംസ്ഥാനത്തിലെ പൊട്ടാംഗി ഗവേഷണ സ്ഥപനത്തിൽനിന്നും അംബ എന്ന മാങ്ങായിഞ്ചിയിനം അടുത്തകാലത്ത് പുറത്തിറക്കിയിട്ടുണ്ട്. കേരളത്തിലെ കാലാവസ്ഥ മാങ്ങായിഞ്ചിയുടെ വളർച്ചയ്ക്ക് തികച്ചും അനുയോജ്യമാണ്. തുറസ്സായ സ്ഥലങ്ങളിലും, ചെറുതണലിലും, തെങ്ങിൻതോട്ടത്തിലെ ഭാഗികമായ തണലിലും ഇവ നന്നായി വളരുന്നതായി കാണുന്നു. എന്നാൽ ഇന്ത്യയിൽ മാങ്ങായിഞ്ചി വ്യാപകമായി കൃഷി ചെയ്യുന്നത് ബംഗാൾ, ആന്ധ്രാപ്രദേശ്, ഒറീസ്സ, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലാണ്. കേരളത്തിൽ വീട്ടുവളപ്പുകൃഷിയുടെ ഭാഗമായി മാങ്ങായിഞ്ചി ചെറിയതോതിൽ കൃഷി ചെയ്യുന്നുണ്ട്. ഒറ്റ വിളയായും ഇടവിളയായും, മാങ്ങായിഞ്ചി കൃഷി ചെയ്യാം. തെങ്ങിന്റെ ഇടവിളയായും വഴുതന, വെണ്ട തുടങ്ങിയ പച്ചക്കറികളുമായി വിള പരിക്രമണത്തിനും മാങ്ങായിഞ്ചി യോജിച്ചതാണ്. നല്ല വളക്കൂറും നീർവാർച്ചയും ഇളക്കവുമുള്ള മണ്ണാണ് ഉത്തമം. പ്രാരംഭകാലവർഷം ലഭിക്കുന്ന ഏപ്രിൽ അവസാനമോ മേയ് ആദ്യമോ മാങ്ങായിഞ്ചി നടാവുന്നതാണ്. ജലസേചന സൗകര്യമുണ്ടെങ്കിൽ ഫെബ്രുവരി–മാർച്ച് മാസങ്ങളിൽതന്നെ കൃഷി ആരംഭിക്കാവുന്നതാണ്. തടങ്ങൾ തയ്യാറാക്കിയാണ് മാങ്ങായിഞ്ചി സാധാരണയായി കൃഷി ചെയ്യുന്നത്. 1–2 മീറ്റർ വീതിയും 25 സെ. മീ. ഉയരവും സൗകര്യപ്രദമായ നീളവും ഉള്ള തടങ്ങൾ തയ്യാറാക്കുക. രണ്ടു തടങ്ങൾ തമ്മിൽ ചുരുങ്ങിയത് 40 സെ.മീ. എങ്കിലും ഇടയകലം വേണം. വരികൾ തമ്മിൽ 30 സെ. മീറ്ററും വരികൾക്കുള്ളിൽ 25 സെ. മീറ്ററും അകലത്തിൽ 4–5 സെ. മീ. ആഴത്തിൽ വിത്ത് നടുക. ജലസേചനത്തെ ആശ്രയിച്ച് കൃഷി ചെയ്യുമ്പോൾ ചെറിയ പണകൾ 40 സെ. മീ. അകലത്തിലും സൗകര്യപ്രദമായ നീളത്തിലും തയ്യാറാക്കി പണകളിൽ മാങ്ങായിഞ്ചി നടാവുന്നതാണ്. ഇഞ്ചി, മഞ്ഞൾ, കച്ചോലം എന്നിവ നടുന്നതു പോലെയാണ് ഇവയുടേയും നടീൽ. നടീൽവസ്തു ഭൂകാണ്ഡമാണ്. 15–20 ഗ്രാം തൂക്കവും നല്ല ഒരു മുളയെങ്കിലുമുള്ള ഭൂകാണ്ഡം വിത്തിനായി ഉപയോഗിക്കാം. ഹെക്ടറൊന്നിന് 1500 കിലോഗ്രാം വിത്ത് ആവശ്യമാണ്. ഹെക്ടറൊന്നിന് 30–40 ടൺ എന്ന തോതിൽ കാലിവളമോ കമ്പോസ്റ്റോ അടിസ്ഥാനവളമായി തടങ്ങൾ തയ്യാറാക്കുമ്പോൾ തന്നെ മണ്ണിനോട് ചേർക്കുന്നത് കൂടുതൽ വിളവ് ലഭിക്കാൻ സഹായിക്കുന്നു. ഹെക്ടറൊന്നിന് 30 കിലോഗ്രാം പാക്യജനകവും 30 കിലോഗ്രാം ഭാവഹവും 60 കിലോഗ്രാം ക്ഷാരവും അടിസ്ഥാനവളമായും, 20 കിലോഗ്രാം പാക്യജനകം ഒരു മാസത്തിനു ശേഷവും 10 കിലോഗ്രാം പാക്യജനകവും ശേഷിച്ച 30 കിലോഗ്രാം ക്ഷാരവും രണ്ടാം മാസത്തിലും ചേർക്കേണ്ടതാണ്. വിത്തിട്ട ശേഷം തടങ്ങളിൽ ഹെക്ടറിന് 15 ടൺ എന്ന തോതിൽ പച്ചിലകൊണ്ട് പുതയ്ക്കേണ്ടതാവശ്യമാണ്. 50 ദിവസം കഴിയുമ്പോൾ വീണ്ടും ഇതേ അളവിൽ പുതയിടേണ്ടതാണ്. ചിതലിന്റെ ആക്രമണം ഉള്ളപ്പോൾ കീടനാശിനിപ്പൊടി തടങ്ങളിൽ വിതറി ചിതലിനെ നിയന്ത്രിക്കേണ്ടതാണ്. നട്ട് മൂന്ന് നാല് ആഴ്ചയ്ക്കകം വിത്ത് മുളച്ച് മുളകൾ പുറത്തുവന്നുതുടങ്ങും. കളകളുടെ തോതനുസരിച്ച് ആവശ്യാനുസരണം കളനിയന്ത്രണം നടത്തേണ്ടതാണ്. രോഗകീടബാധകൾ മാങ്ങായിഞ്ചിയിൽ സാധാരണയായി വരാറില്ലെങ്കിലും തണ്ടു തുരപ്പൻ പുഴുവിന്റെ ആക്രമണം ചിലപ്പോൾ കണ്ടു വരാറുണ്ട്. ക്യുനാൽഫോസ് 0.05% വീര്യത്തിൽ തളിക്കുന്നത് ഈ ആക്രമണം കുറയ്ക്കുന്നതിന് സഹായകമാകും. മാങ്ങായിഞ്ചിയുടെ വിളവെടുപ്പ് ആറാംമാസം മുതൽ ആരംഭിക്കാം. വീട്ടുവളപ്പിലുള്ള കൃഷിയിൽ ആവശ്യാനുസരണമാണ് വിളവെടുപ്പ് നടത്തുന്നത്. ഇലകൾ കരിഞ്ഞ് തുടങ്ങുന്നതാണ് വിളവെടുപ്പ് സമയത്തിന്റെ ലക്ഷണം. മൺവെട്ടി ഉപയോഗിച്ച് ചെടികളെ ചുവടോടെ വെട്ടിയെടുത്ത് ഭൂകാണ്ഡം വേർതിരിച്ചെടുക്കണം. മണ്ണും വേരും മാറ്റി ഒരുദിവസം തണലിൽ ഉണക്കിയ ശേഷം ഭൂകാണ്ഡം സംഭരിച്ച് വയ്ക്കാം. ഒരു ഹെക്ടറിൽനിന്ന് ശരാശരി 25 മുതൽ 30 ടൺ വരെ വിളവ് ലഭ്യമാണ്.

## കസ്തൂരിമഞ്ഞൾ

### പ്രാധാന്യം

കസ്തൂരിമഞ്ഞൾ രോഗാണുക്കളിൽ നിന്ന് ചർമ്മത്തെ രക്ഷിക്കാനും ചർമ്മത്തിന് തിളക്കമുണ്ടാകാനും വ്യാപകമായി ഉപയോഗിക്കുന്നു. ഇത് പനിനീരിൽ അരച്ച് വെയിലത്തുവെച്ച് ചൂടാക്കി പതിവായി മുഖത്തു പുരട്ടിയാൽ മുഖക്കുരു ഇല്ലാതാകും. തേൾ തുടങ്ങിയ വിഷജന്തുക്കൾ കടിച്ചാൽ ഉടനെ ആ ഭാഗത്ത് കസ്തൂരിമഞ്ഞൾ അരച്ചിടുന്നത് നല്ലതാണ്. ത്വക്ക് രോഗങ്ങൾക്ക് ഇത് കൈകണ്ട ഔഷധമാണ്. പനി, ചുമ, വിരയുടെ ഉപദ്രവം എന്നിവയ്ക്കെതിരായും ഇതുപയോഗിക്കുന്നു. ഭൂരിഭാഗം സൗന്ദര്യവർദ്ധക വസ്തുക്കളിലും, പ്രസവാനന്തര ഉപയോഗത്തിനുള്ള ടോണിക്കുകളിലും ഇതൊരു ചേരുവയാണ്. നവജാതശിശുക്കളെ കസ്തൂരിമഞ്ഞൾ തേച്ച്കുളിപ്പിക്കുന്നുണ്ട്.

### കൃഷിരീതികൾ

സിൻജിബെറേസിയേ കുടുംബത്തിൽപെട്ട കസ്തൂരിമഞ്ഞളിന്റെ ശാസ്ത്രനാമം കുർകുമാ ആരോമാറ്റിക്ക എന്നാണ്. നാടൻ ഇനങ്ങളാണ് സാധാരണയായി കൃഷി ചെയ്യുന്നത്.തെക്കുകിഴക്കൻ ഏഷ്യയിൽ ഇതു ധാരാളം കാണുന്നുണ്ട്. കിഴക്കൻ ഹിമാലയത്തിലും, കേരളം, കർണ്ണാടക സംസ്ഥാനങ്ങളിലെ വനാന്തരങ്ങളിലും ഇതു വളരുന്നുണ്ട്. നീർവാർച്ചയും ജൈവാംശവുമുള്ള ഏതുമണ്ണിലും ഇതു കൃഷി ചെയ്യാം.ഇഞ്ചിയും മഞ്ഞളും കൃഷിചെയ്യുന്നതു പോലെ കസ്തൂരിമഞ്ഞൾ കൃഷി ചെയ്യാം. തനിവിളയായോ തെങ്ങിൻ തോപ്പുകളിലും മറ്റും ഇടവിളയായോ കൃഷിയെടുക്കാം. മഴയെ ആശ്രയിച്ച് കാലവർഷാരംഭത്തോടെയാണ് കൃഷിയിറക്കുന്നത്. നിലം നന്നായി ഉഴുതു നിരപ്പാക്കി ഹെക്ടറൊന്നിന് പത്ത് ടൺ ജൈവവളം ചേർത്ത് വാരങ്ങൾ ഉണ്ടാക്കുന്നു. മുളച്ച പ്രകന്ദങ്ങളാണ് നടീൽവസ്തു. ഹെക്ടറൊന്നിന് ഏതാണ്ട് 1500 കിലോഗ്രാം വിത്തുവേണം. വാരത്തിൽ 60 X 40 സെ. മീ. അകലത്തിൽ കൈക്കുഴികളെടുത്ത് വിത്തിട്ട് ചാണകപ്പൊടി കൊണ്ട് മൂടുന്നു. അതിനുശേഷം ചപ്പുചവറുകളോ കച്ചിയോകൊണ്ട് പുതയിടുന്നു. ഒന്നു രണ്ടു തവണ കള നീക്കുകയും വളമിട്ട് മണ്ണണയ്ക്കുകയും വേണം. ഹെക്ടറൊന്നിന് 100:50:50 കിലോഗ്രാം എന്ന കണക്കിൽ പാക്യജനകം, ഭാവഹം, ക്ഷാരം എന്നിവ രണ്ടു തവണയായി ഇട്ടു കൊടുക്കണം. സാധാരണയായി കീടരോഗബാധകളൊന്നും ഈ വിളയിൽ കാണാറില്ല.ഏതാണ്ട് 6–7 മാസം കൊണ്ട് കസ്തൂരിമഞ്ഞൾ മൂപ്പെത്തുന്നു. ഇലകൾ ഉണങ്ങികഴിയുന്നതോടെ കിളച്ചു പറിച്ചെടുക്കാം. ഉണങ്ങിയ ഇലകളും വേരുകളും കളഞ്ഞ് തടകളും കണങ്ങുകളും വൃത്തിയാക്കിയെടുക്കുന്നു. കണങ്ങുകൾ വിൽക്കുകയും തട നടീൽവസ്തുവായി സൂക്ഷിക്കുകയും ചെയ്യാം. ശാസ്ത്രീയരീതിയിൽ കൃഷി ചെയ്താൽ ഒരു ഹെക്ടറിൽ നിന്നും 25–30 ടൺ വിളവു ലഭിക്കും. പച്ചകസ്തൂരിമഞ്ഞൾ ഉണക്കിയെടുത്താൽ 27% ഉണക്ക ലഭിക്കും.കസ്തൂരിമഞ്ഞളിൽ ബാഷ്പീകരണ സ്വഭാവമുള്ള തൈലമുണ്ട്. കസ്തൂരിമഞ്ഞൾ കനം കുറച്ചരിഞ്ഞ് 3–4 മണിക്കൂർ ആവി വാറ്റ് നടത്തി ഈ തൈലം വേർതിരിച്ചെടുക്കാം. പച്ചകസ്തൂരിമഞ്ഞളിൽനിന്ന് ഏകദേശം 0.33% തൈലം ലഭിക്കും. അതായത് ഒരു ഹെക്ടറിൽ നിന്ന് ഏതാണ്ട് 90 കിലോഗ്രാം തൈലം കിട്ടും.

## കച്ചോലം

### പ്രാധാന്യം

കാംഫീരിയ ഗലംഗ എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന ഈ സസ്യം സിൻജിബറേസിയേ കുടുംബത്തിലെ അംഗമാണ്. ഇവയുടെ കന്ദങ്ങൾക്ക് രൂക്ഷഗന്ധമുണ്ട്. കന്ദങ്ങളാണ് ഔഷധയോഗ്യമായ ഭാഗം.

### കൃഷിരീതികൾ

നല്ല നീർവാർച്ചയും വളക്കൂറുമുള്ള മണ്ണാണ് ഇതിന്റെ കൃഷിക്ക് അഭികാമ്യം. ഉഷ്ണമേഖലാ പ്രദേശങ്ങളാണ് ഇതിന് അനുയോജ്യംകന്ദങ്ങളാണ് നടാൻ ഉപയോഗിക്കുന്നത്. ഒരു ഹെക്ടർ സ്ഥലത്തേക്ക് 750 –1000 കിലോഗ്രാം കന്ദങ്ങൾ വേണ്ടി വരും.കാലവർഷാരംഭത്തോടു കൂടി നിലമൊരുക്കി തടങ്ങൾ എടുക്കണം. വരികൾ തമ്മിൽ 20 സെ. മീറ്ററും ചെടികൾ തമ്മിൽ 15 സെ.മീറ്ററും അകലത്തിൽ വേണം നടുവാൻ ഉള്ള ചെറിയ കുഴികൾ എടുക്കുവാൻ. ഓരോ കുഴിയിലും ഒരു മുകുളമെങ്കിലും ഉള്ള ഒരു കഷണം കന്ദം നടുക. അടിവളമായി 20 ടൺ കാലിവളവും 50 കിലോഗ്രാം എല്ലുപൊടിയും ഹെക്ടറൊന്നിന് നൽകുക. നടീൽ അവസാനിപ്പിച്ചതിനു ശേഷം തവാരണകൾ പുതയിടണം. കളനശീകരണം ആവശ്യാനുസരണം അനുവർത്തിക്കുക. ഇലകൾ വളർന്ന് ഇടസ്ഥലങ്ങൾ നിറഞ്ഞു കഴിഞ്ഞാൽ കളശല്യം കുറയും.അതികഠിനമായ മഴയുള്ള മാസങ്ങളിൽ ഇലചീയൽ രൂക്ഷമാകാറുണ്ട്. ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുന്നത്രോഗം ശമിപ്പിക്കുന്നു.ഇലകൾ ഉണങ്ങി തുടങ്ങുമ്പോഴേക്കും വിളവെടുപ്പ് ആരംഭിക്കാം. വേരുകളും മറ്റും മാറ്റിയ ശേഷം കിഴങ്ങുകൾ (കന്ദങ്ങൾ) കഴുകി വൃത്തിയാക്കിയെടുക്കാം.കിഴങ്ങുകൾ വട്ടത്തിൽ അരിഞ്ഞ് ഉണക്കി സൂക്ഷിക്കാം. കിഴങ്ങിൽ ഒരു ബാഷ്പശീലതൈലം അടങ്ങിയിട്ടുണ്ട്. കിഴങ്ങുകൾ നടീൽവസ്തുക്കളായി സൂക്ഷിച്ചു വയ്ക്കുവാൻ പല സമ്പ്രദായങ്ങളുമുണ്ട്. തണൽ പ്രദേശങ്ങളിൽ കുഴിയെടുത്ത് ചെളിയോ ചാണകമോ കൊണ്ടു മെഴുകി അതിനുള്ളിൽ വിത്തുകൾ (കിഴങ്ങുകൾ) സൂക്ഷിച്ചു വയ്ക്കാം. കുഴികൾ പാണൽ ഇലകൊണ്ടു മൂടുന്നത് നല്ലതാണ്. നടീൽ വസ്തുക്കൾ പാണൽ ഇലയിൽ നിരത്തി പുക കൊള്ളിക്കുന്നതും നല്ലതാണ്.

## ചെങ്ങഴുനീർക്കിഴങ്ങ്

### പ്രാധാന്യം

ചെങ്ങഴുനീർകിഴങ്ങ് പ്രധാനമായും ച്യവനപ്രാശത്തിലാണ് ഉപയോഗിച്ചു വരുന്നത്. മുറിവ്, ചൊറി, ചിരങ്ങ് മുതലായ ചർമ്മരോഗങ്ങൾ ഇത് ശമിപ്പിക്കും. ഉദരരോഗങ്ങൾക്കും ഇതുപയോഗിക്കുന്നു. ശരീരത്തിൽ രക്തം കല്ലച്ചു കിടക്കുന്നതും മറ്റുമുള്ളതായ മാലിന്യങ്ങളെ മാറ്റി രക്തശുദ്ധി വരുത്തുന്നതിന് ഇതുപകരിക്കും. ആയുർവ്വേദ ഔഷധങ്ങളായ അശോകാരിഷ്ടം, ബാലാദത്യാദിതൈലം, കല്യാണകഘൃതം എന്നിവയിലും, ഹൽകാകം എന്ന യുനാനി ഔഷധത്തിലും ഇതു ചേരുവയാണ്.

## കൃഷിരീതികൾ

സിൻജിബറേസിയേ കുടുംബത്തിൽ പെടുന്ന ചെങ്ങഴുനീർക്കിഴങ്ങിന്റെ ശാസ്ത്രനാമം കെംഫീറിയ റൊട്ടൻഡ (*Kaempferia rotunda*) എന്നാണ്. ഈ ചെടിയിൽ ഇതുവരെ മുന്തിയ ഇനങ്ങളൊന്നും വികസിപ്പിച്ചെടുത്തിട്ടില്ല.ഉഷ്ണമേഖലാപ്രദേശത്താണ് ഇതു കൂടുതലായി കണ്ടു വരുന്നത്. നല്ല തോതിലുള്ള മഴ ഇതിനാവശ്യമാണ്. നീർവാർച്ചയുള്ള പശിമരാശിമണ്ണാണുത്തമം. നല്ല തോതിൽ ജൈവവളമിട്ടു കൊടുത്താൽ മിക്ക തരം മണ്ണിലും ഇതു കൃഷി ചെയ്യാവുന്നതാണ്.ഇഞ്ചികൃഷി പോലെയാണ് ചെങ്ങഴുനീർകിഴങ്ങും കൃഷി ചെയ്യുന്നത്. കാലവർഷാരംഭത്തോടെ മെയ്–ജൂൺ മാസങ്ങളിൽ സ്ഥലം നന്നായി ഉഴുതൊരുക്കി വാരമെടുത്തു നടുകയാണ് പതിവ്. ഒരു മീറ്റർ വീതിയും, 15 സെ. മീ. പൊക്കവുമുള്ള വാരങ്ങളിൽ 20 സെ. മീ. അകലത്തിൽ കൈക്കുഴികളെടുത്ത് മുളയുള്ള വിത്തിട്ട് ചാണകപ്പൊടിയിട്ടു മൂടുന്നു. അതിനുശേഷം ചപ്പുചവറുകളോ കച്ചിയോ ഇട്ടു പുതയിടുന്നു. ഒരു ഹെക്ടർ നടുന്നതിന് 1500–2000 കിലോഗ്രാം വിത്തുവേണം. വിത്തിനോടു ചേർന്നുള്ള മണികൾ പറിച്ചു കളയരുത്. ഒരു മാസം ഇടവിട്ടു മണ്ണണയ്ക്കുകയും വേണം. ഹെക്ടറൊന്നിന് 15–20 ടൺ ജൈവവളം നടുമ്പോഴും 50:50:50 കിലോഗ്രാം എന്ന ക്രമത്തിൽ പാക്യജനകം, ഭാവഹം, ക്ഷാരം എന്നിവ രണ്ട് തവണയായും ചേർത്തു കൊടുക്കണം. മഴക്കാലത്തു കാണുന്ന ചീയൽരോഗം ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ചു നിയന്ത്രിക്കാവുന്നതാണ്. മറ്റു കാര്യമായ കീടരോഗബാധകൾ ഉാകാറില്ല.ചെങ്ങഴുനീർക്കിഴങ്ങ് ഏഴാം മാസം വിളവെടുക്കാം. ഇലകൾ ഉണങ്ങി കഴിയുമ്പോൾ മണ്ണിളക്കി പറിച്ചെടുക്കണം. ഉണങ്ങിയ ഇലകളും വേരും നീക്കി തടകൾ വൃത്തിയാക്കി സൂക്ഷിക്കുകയോ വിൽക്കുകയോ ചെയ്യുന്നു. തടയോടു ചേർന്നുള്ള മണികൾ പറിച്ചുകളയാറില്ല. ചെങ്ങഴുനീർക്കിഴങ്ങ് കൂടുതലും പച്ചയായിട്ട് തന്നെയാണ് ഉപയോഗിക്കുന്നത്. കരിയായി പരിചരിച്ച് കൃഷി ചെയ്താൽ ഒരു ഹെക്ടറിൽനിന്ന് 12–15 ടൺ വിളവ് ലഭിക്കും. പച്ച ഉണക്കിയെടുത്താൽ 28% ഉണക്ക കിട്ടും.

# സ്റ്റീവിയ (മധുരചെടി)

## പ്രാധാന്യം

സ്റ്റീവിയ എന്ന മധുരചെടിയുടെ ജന്മദേശം പരാഗ്വേ ആണ്. ഇതൊരു കലോറി രഹിത മധുരം ആയതുകൊണ്ട് പഞ്ചസാരക്ക് പകരം ഉപയോഗിക്കാവുന്നതാണ്. ഇലകൾ പഞ്ചസാരയേക്കാൾ 30 ഇരട്ടി മധുരമുള്ളതാണ്. അസ്റ്ററേസിയേ സസ്യകുടുംബത്തിൽപ്പെട്ട സ്റ്റീവിയയുടെ ശാസ്ത്രീയനാമം സ്റ്റീവിയ റുബോഡിയാന എന്നാണ്. രക്തസമ്മർദ്ദം നിയന്ത്രിക്കുകയും ചർമ്മരോഗങ്ങളെ തടയുകയും ദന്തക്ഷയം തടുക്കുകയും ചെയ്യുന്ന ഈ ഔഷധസസ്യം ബാക്ടീരിയക്കും വൈറസിനും എതിരെയും പ്രവർത്തിക്കുന്നു. കലോറി രഹിതവും കാർബോഹൈഡ്രേറ്റ് രഹിതവും ആയതുകൊണ്ട് ഇത് പ്രമേഹ രോഗികൾക്കും ഉപയോഗിക്കാം. ഇലകളി ലടങ്ങിയിരിക്കുന്ന സ്റ്റീവിയോസൈഡുകളും റിബോഡയോസൈഡുകളും (ഡൈറ്റർപിൻ ഗ്ലൂക്കോസൈഡ്സ്) ആണ് മധുരത്തിന് കാരണം. ജപ്പാൻ, ചൈന, കൊറിയ, തായ്‌വാൻ, ബ്രസിൽ, പരാഗ്വേ തുടങ്ങിയ രാജ്യങ്ങളിൽ ഇതൊരു മധുരകാരിയായി ഉപയോഗിക്കുന്നു. റിബൊഡയോസൈഡ് എ, സ്റ്റിവിയോസൈഡിനേക്കാൾ 30% അധികം മധുരകരവും രുചികരവും ആണ്. സ്റ്റിവിയോസൈഡുകൾക്ക് പഞ്ചസാരയേക്കാൾ 200_300 ഇരട്ടി മധുരം ഉണ്ട്.

സ്റ്റീവിയ 65 സെ.മീ. മുതൽ 75 സെ.മീ. വരെ ഉയരത്തിൽ വളരുന്നു. വിപരീതദിശയിൽ വിന്യസിച്ചിരിക്കുന്ന ചെറിയഇലകളുടെ ഇരുവശവും വാളിന്റെ പല്ലുകൾപോലെ (Serrated) യാണ്. ചെറിയ വെളുത്ത പൂക്കളോടുകൂടിയ സ്റ്റീവിയ ദിനദൈർഘ്യം കുറഞ്ഞ ഒരു ചെടിയാണ്. ദിനദൈർഘ്യം കൂടുതലുള്ളപ്പോൾ ഇലകളിലെ സ്റ്റീവിയോസൈഡുകളുടെ അളവ് വർദ്ധിക്കുന്നു. ചെടികൾക്ക് ഒട്ടും തന്നെ വരൾച്ചയെ നേരിടാൻ സാധിക്കാത്തതിനാൽ ഇതിന് കൃത്യമായ ജലസേചനം അനിവാര്യമാണ്. പുഷ്പിക്കുന്നതിനു മുമ്പായി ഇതിന്റെ വിളവെടുപ്പു നടത്തണം. വിളവെടുപ്പു കഴിഞ്ഞ ഉടൻ തന്നെ ഉണക്കുകയും സംസ്കരിക്കുന്നതിനായി ഇതിന്റെ ഇലകൾ തണ്ടിൽ നിന്നും വേർതിരിച്ചെടുക്കേണ്ടതുമാണ്. ഹെക്ടറിന് 85,000_1,10,000 ചെടികൾ നടാവുന്നതാണ്. ഇതിൽ നിന്നും 2,000_3,000 കിലോ ഉണക്കിയ ഇല ലഭിക്കുന്നതാണ്. 15_20% വരെ സ്റ്റീവിയോസൈഡും ലഭ്യമാണ്.

ചായ, കാപ്പി, ശീതള പാനീയങ്ങൾ, ഐസ്ക്രീം, കേക്ക്, ബിസ്കറ്റ്, ജാം, സോസ്, മിഠായികൾ തുടങ്ങിയ ഭക്ഷണപദാർത്ഥങ്ങളിൽ മധുരത്തിനു വേണ്ടിയും സുഗന്ധദ്രവ്യമ്മായും നിറത്തിനു വേണ്ടിയും സ്റ്റീവിയ സത്തും ഉത്പന്നങ്ങളും പ്രധാനമായും ഉപയോഗിക്കുന്നു. ഇത് പ്രമേഹ രോഗികൾക്ക് ആഹാരങ്ങളിൽ മധുരത്തിനായി ചേർക്കാവുന്ന ഒരു പ്രധാന ഘടകമാണ്. ഔഷധ നിർമ്മാണത്തിൽ രുചിക്കുവേണ്ടിയും പുകയില ഉണ്ടാക്കുമ്പോൾ സുഗന്ധത്തിനു വേണ്ടിയും സസ്യങ്ങളുടെ വളർച്ച ത്വരിതപ്പെടുത്തുന്ന വസ്തുവായും സ്റ്റീവിയ ഉപയോഗപ്പെടുത്തുന്നുണ്ട്.

## കൃഷിരീതികൾ

സ്റ്റീവിയ അർദ്ധ ആർദ്രതയിലും മിതോഷ്ണാവിലും വളരുന്ന ഒരു വിളയാണ്. സമുദ്രനിരപ്പിൽ നിന്നും 200_ 400 മിറ്റർ ഉയരവും 1,500_ 1,800 മി. മീ. മഴയും 43ഹ്ര വരെ താപനിലയും.ഉള്ള പ്രദേശങ്ങളിൽ സ്റ്റീവിയ വളർത്താവുന്നതാണ്. ഈർപ്പമുള്ളതും മണൽ കലർന്ന അമ്ല ഗുണത്തോടുകൂടിയതും ആയ മണ്ണാണ് ഇതിന്റെ വളർച്ചക്ക് അനുയോജ്യം. ചെടിയുടെ വളർച്ച ദിനദൈർഘ്യം കൂടുതലുള്ളപ്പോൾ കൂടുകയും ദിനദൈർഘ്യം 12 മണിക്കൂറിൽ താഴെയായാൽ പുഷ്പിക്കാനുള്ള ചെടിയുടെ പ്രവണത വർദ്ധിക്കുകയും ചെയ്യുന്നു. ഏതു കലാവസ്ഥയിലും നന്നായി വളരുന്ന ഈ ചെടി മറ്റു വിളകളിൽ ഇടവിളയായും കൃഷിചെയ്യാമെന്ന് കണ്ടെത്തിയിട്ടുണ്ട്. .മണ്ണിന് നല്ല നനവും വെള്ളം നിലനിർത്താനുള്ള കഴിവും അമ്ലത 5_7 വരേയും ഉണ്ടായിരിക്കണം. ക്ഷാരമണ്ണിൽ കൃഷി ഒഴിവാക്കണം.സ്റ്റീവിയ ഒരു പര_പരാഗണ സസ്യമായതിനാൽ ശരിയായ പരാഗണം നടന്നാൽ മാത്രമേ അങ്കുരണ ശേഷി ഉള്ള വിത്തുല്പാദനം സാദ്ധ്യമാകു. ഇതിനായി ഹെക്ടറൊന്നിന് ചുരുങ്ങിയത് മൂന്നോ നാലോ തേനീച്ചകൂടുകൾ സ്ഥാപിക്കേണ്ടതാണ്. തണൽ അമിതമായാൽ ചെടിയുടെ വളർച്ചയെ ബാധിക്കുകയും, പുഷ്പിക്കാൻ വൈകുകയും, പൂക്കളുടെ എണ്ണം കുറയുകയും ചെയ്യും. ഇരുണ്ട നിറമുള്ള വിത്തുകൾക്കാണ് ബീജാങ്കുരണശേഷി ഉള്ളത്. വിത്തുകൾ വളരെ ചെറുതാണ് (1000 വിത്ത് = 0.3_1.0 ഗ്രാം.). വിത്തുകൾ ആദ്യം ഗ്രീൻ ഹൗസിൽ പാകി മുളപ്പിക്കുകയും 45_60 ദിവസം വരെ പ്രായമായ തൈകൾ പറിച്ചുനടുകയുമാണ് ചെയ്യേണ്ടത്. ഉദ്ദേശം 4_6 ദിവസത്തിനകം വിത്തുകൾ മുളച്ചുവരും. വിത്തുകളുടെ ജീവനക്ഷമത മൂന്നു വർഷം വരെയാണ്. വിത്തുല്പാദനം കാലാവസ്ഥയേയും മറ്റ് ഘടകങ്ങളേയും ആശ്രയിച്ച് ഹെക്ടർ ഒന്നിന് എട്ടു മുതൽ 60 കി. ഗ്രാം വരെയാണ്.

സാധാരണയായി ചെടിയുടെ മധ്യഭാഗത്തിന് മുകളിലേക്കുള്ള തണ്ട് മുറിച്ചുനട്ടാണ് തൈകൾ ഉണ്ടാക്കുന്നത്. ചെടിയുടെ അഗ്രഭാഗത്തുള്ള നാലുമുട്ടുകളോടുകൂടിയ തണ്ടാണ് മുറിച്ചുനടീലിന് ഏറ്റവും അനുയോജ്യം. ഹോർമോൺ ഉപയോഗിച്ച് വേരുപിടിപ്പിക്കൽ ത്വരിതപ്പെടുത്താം. ടിഷ്യുകൾച്ചർ മുഖേനയും പ്രജനനം സാധ്യമാണ്.

അമിത വളപ്രയോഗം സ്റ്റീവിയയുടെ വളർച്ചയെ കുറക്കുന്നു. ഹെക്ടറിന് 40:20:30 കി. ഗ്രാം. NPK ആവശ്യമാണ്. നൈട്രജൻ വളങ്ങൾ തവണകളായി നൽകുന്നതാണ് ചെടിയുടെ വളർച്ചക്ക് അഭികാമ്യം. ചെടികൾ തമ്മിൽ 30_35 സെ.മീ. വരെ അകലം ഉണ്ടായിരിക്കണം ആദ്യവിളയേക്കാൾ RATOON വിളകളിൽ നിന്നാണ് കൂടുതൽ ഇല ലഭിക്കുക. ഓരോ വിളവെടുപ്പിന് ശേഷവും കൂടുതലായി ശിഖിരങ്ങൾ പൊട്ടുന്നതുകൊണ്ടാണ് ഇത് സ്റ്റീവിയ വളർത്തുന്ന മണ്ണിൽ 80% വരെ ജലസാന്ദ്രത ആവശ്യമായതിനാൽ ചെരിവുള്ള പ്രദേശത്തേക്കാൾ സമതലപ്രദേശത്ത് നന്നായി വളരുന്നു. ചെടികൾ നല്ല വളർച്ച എത്തുന്നതു വരെ കളനിയന്ത്രണം അനിവാര്യമാണ്. സ്റ്റീവിയയിൽ സാധാരണയായി കീട_രോഗങ്ങൾ കാണാറില്ല. എന്നാൽ, ആൾട്ടർനേറിയ സ്റ്റീവിയേ (കറുത്ത വലിയ പുള്ളി) സെപ്റ്റൊറിയ സ്റ്റീവിയേ (കറുത്ത ചെറിയ പുള്ളി) റൈസോക്റ്റോനിയ സൊളാനി (തണ്ടിൽ പുള്ളിയും ഇലവാട്ടവും) സ്ക്ലീറോറ്റിനിയ റോൾഫ്സി (തണ്ടിനു ചുറ്റും കാണപ്പെടുന്ന വെളുത്ത അടയാളം) മുതലായ രോഗഹേതുക്കൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൂക്കാൻ തുടങ്ങുന്നതിനു മുമ്പായി തറ നിരപ്പിൽ നിന്നും 5_10 സെ. മീ ഉയരത്തിൽ വച്ച് ചെടികൾ മുറിച്ചെടുക്കാം. നട്ട് 4_5 മാസങ്ങൾക്ക് ശേഷം ആദ്യ വിളവെടുപ്പ് നടത്താവുന്നതാണ്. മൂന്നു മാസം ഇടവിട്ട് വിളവെടുപ്പു നടത്താം. ഇന്ത്യയിൽ പ്രതിവർഷം 3_4 വിളവെടുപ്പു സാദ്ധ്യമാണ്. പ്രതിവർഷം 18,000_ 25,000 കി. ഗ്രാം വരെ പച്ച ഇലകൾ ഒരു ഹെക്ടറിൽ നിന്നും ലഭ്യമാണ്. പച്ച ഇല കി. ഗ്രാം _ന് ഏകദേശം 2 രൂപ 50 പൈസ ഇന്ന് വിലയുണ്ട്.

വി.ളവെടുപ്പു കഴിഞ്ഞ ഉടൻ തന്നെ ഇതിന്റെ ഇലകൾ ഉണക്കേണ്ടത് ആവശ്യമാണ്. വെയിലത്തോ കൃതിമ മാർഗ്ഗങ്ങൾ ഉപയോഗിച്ചോ ഇലകൾ ഉണക്കാവുന്നതാണ്. നല്ല വെയിലുള്ള സമയമാണെങ്കിൽ ഇലകൾ ഉണങ്ങുന്നതിന് ഏകദേശം 9_10 മണിക്കൂർ മതി. ഉയർന്ന ഊഷ്മാവിൽ കൃതിമമായി ഉണക്കുന്നത് ഗുണമേന്മ കുറയുന്നതിന് ഇടയാക്കുന്നു. ഏലത്തിന്റെ പോലെ തന്നെ പച്ച നിറത്തോടുകൂടിയ ഉണങ്ങിയ ഇലകൾക്ക് ഗുണമേന്മയും ഡിമാന്റും കൂടുതലാണ്. ഉണങ്ങിയതിനുശേഷം തണ്ടിൽനിന്നും ഇലകൾ കൈകൊണ്ടോ യന്ത്രസഹായത്താലോ അടർത്തിയെടുത്ത് പോളിത്തീൻ സഞ്ചികളിൽ വായു കടക്കാതെ പായ്ക്കു ചെയ്തു കയറ്റി അയക്കുന്നു. സാഹചര്യങ്ങൾ അനുയോജ്യമാണെങ്കിൽ 5 മുതൽ 7 വരെ വർഷത്തേക്ക് വിളവെടുക്കാം.

# വെള്ള മുസലി

## പ്രാധാന്യം

വെള്ള മുസലി അഥവാ സഫേദ് മുസലി ആയുർവേദത്തിലും യുനാനിയിലും ഉപയോഗിക്കുന്ന ഒരു പ്രധാന ഔഷധ സസ്യമാണ്. ഇതിന്റെ കിഴങ്ങ് പ്രകൃതിദത്തമായ ഒരു വാജീകരണ ദ്രവ്യമാണ്. അതുകൊണ്ട് ഇത് ഹെർബൽ വയാഗ്ര എന്ന പേരിലും അറിയപ്പെടുന്നു. ലിലിയേസിയേ കുടുംബത്തിൽപ്പെട്ട നീണ്ട പത്രങ്ങളോടു കൂടിയ ഒരു ഏക വർഷ ചെടിയാണ് വെള്ള മുസലി. ഈ ചെടി ഏകദേശം 1.5 അടി ഉയരത്തിൽ

വളരുന്നു. ചെടിയുടെ കിഴങ്ങ് 10 ഇഞ്ച് താഴേക്ക് വരെ വളരുന്നു. ഓരോ ചെടിയിലും സാധാരണ 10_18 കിഴങ്ങുകൾ വരെ കാണാം. ഗുജറാത്ത്, മദ്ധ്യപ്രദേശ്, രാജസ്ഥാൻ, മഹാരാഷ്ട്ര മുതലായ സംസ്ഥാനങ്ങളിലെ വനങ്ങളിൽ പ്രകൃതി ദത്തമായി വളരുന്ന മുസലിക്ക് ലോകമാകെ ഏകദേശം 256 ഇനങ്ങൾ ഉണ്ട്. ഇതിൽ 17 എണ്ണം ഇന്ത്യയിൽ കണ്ടുവരുന്നു. ഇതിൽ ക്ലോറോഫൈറ്റം അരുണ്ടിനേസിയം, ക്ലോറോഫൈറ്റം ബോറിവിലിയാനം എന്നീ രണ്ടിനങ്ങൾക്കാണ് ഔഷധമൂല്യമുള്ളത്. ഗുണത്തിലും, കൃഷിചെയ്യാനും, അനുയോജ്യമായതു് ക്ലോറോഫൈറ്റം ബോറിവിലിയാനമാണ്.

ഈ ചെടിയുടെ കിഴങ്ങുകളിൽ അടങ്ങിയിട്ടുള്ള സാപോനിനുകളും ആൽക്കലോയ്ഡുകളും ആണ് മുസലിയുടെ ഔഷധമൂല്യത്തിന് ഉറവിടം. ചെറിയ തോതിൽ വിറ്റാമിനുകളും, ധാതുലവണങ്ങളും, സ്റ്റിറോയ്ഡുകളും, പോളിസാക്കറൈഡുകളും അടങ്ങിയിട്ടുണ്ട്. മുസലി ച്യവനപ്രാശത്തിന്റെ ഒരു മുഖ്യഘടകം ആണ്. മുലയൂട്ടുന്ന അമ്മമാർക്ക് മുലപ്പാൽ വർദ്ധനക്കുള്ള മരുന്നായും ഹെൽത്ത് ടോണിക്കായും ഇതിന്റെ കിഴങ്ങ് ഉപയോഗിച്ച് വരുന്നു. ഇതിൽ നിന്നുണ്ടാക്കുന്ന ചിപ്സ് പോഷകസംപുഷ്ടമായ പ്രഭാത ഭക്ഷണമായും ഉപയോഗിക്കാറുണ്ട്. കൂടാതെ ആസ്ത്മ, വാതം, പ്രസവ സംബന്ധമായ അസുഖങ്ങൾ തുടങ്ങി നൂറിലധികം ഔഷധക്കൂട്ടുകളിൽ മുഖ്യ ചേരുവയാണ്.

### കൃഷിരീതികൾ

നല്ല ജൈവാംശമുള്ള മണൽ കലർന്ന നീർവാർച്ചയുള്ള മണ്ണാണ് മുസലിക്ക് അനുയോജ്യം. 800 _ 1500 മി. മീ. മഴയും മണ്ണിന്റെ pH മൂല്യം 7_5 ഉം കൃഷിക്ക് വളരെ അനുയോജ്യമാണ്. ഈ ചെടിക്ക് നല്ല സൂര്യപ്രകാശം ആവശ്യമാണ്.

നടീൽവസ്തുവായി ഉപയോഗിക്കുന്നത് കിഴങ്ങുകളാണ്. കിഴങ്ങിന്റെ മുകളറ്റത്ത് കുടുമ പോലുള്ള ഭാഗം നിലനിർത്തിക്കൊണ്ടു വേണം നടീലിനുള്ള കിഴങ്ങുകൾ ഒരുക്കുവാൻ. വിളവെടുക്കുമ്പോൾ നടീൽ വസ്തുവായി ഉപയോഗിക്കുന്ന കിഴങ്ങുകൾക്കും അവയുടെ തൊലിക്കും യാതൊരുവിധ കേടുപാടുകളും സംഭവിക്കാതെ ശ്രദ്ധിക്കണം. 10_20 ഗ്രാം/ ഭാരമുള്ള കിഴങ്ങുകളാണ് നടാൻ അനുയോജ്യം. ഏക്കറിന് ഏകദേശം 500 കി. ഗ്രാം. (80,000_1,00,000 കിഴങ്ങുകൾ) വിത്ത് വേണ്ടി വരും. നടുന്നതിനുമുമ്പ് കിഴങ്ങുകൾ ഗോമൂത്രത്തിലോ 0.1% ബാവിസ്റ്റിനിലോ മുക്കി അണുനാശനം ഉറപ്പുവരുത്തണം. വേനൽക്കാലത്തോടുകൂടി നടീൽ ആരംഭിക്കുന്നു. കിഴങ്ങ് നന്നായി വളരുന്നതിനുവേണ്ടി ചാണകം/കംപോസ്റ്റ്/ജൈവവളം/പച്ചിലവളം ഇട്ട് ഏകദേശം 2 അടി ആഴത്തിൽ താഴ്ത്തി കിളച്ച് മണ്ണ് പരുവപ്പെടുത്തണം. അമ്ലതയേറിയ മണ്ണാണെങ്കിൽ ആവശ്യത്തിനു കുമ്മായം ചേർക്കണം. മഴക്കാലാരംഭത്തോടെ ജൈവവളവും എല്ലുപൊടിയും ചേർത്ത് ഒരിക്കൽ കൂടി ഉഴുതിളക്കണം. സാധാരണ 15X15 സെ.മീ. അകലത്തിലാണ് കിഴങ്ങുകൾ നടേണ്ടത്. വലിയ കിഴങ്ങുകൾ ആണെങ്കിൽ 25X25 സെ.മീ. അകലത്തിൽ നടാം. കിഴങ്ങുകളുടെ മുള തറനിരപ്പിന് മേലെ വരത്തക്കവിധം നടാൻ ശ്രദ്ധിക്കണം. മൺസൂൺ ആരംഭത്തോടെ മുളക്കാൻ തുടങ്ങുകയും ഏകദേശം 10 ദിവസത്തിനകം മുള പൂർത്തിയാകുകയും ചെയ്യുന്നു. ചെടിയുടെ ശരിയായ വളർച്ചക്ക് മതിയായ തോതിൽ ഈർപ്പം ആവശ്യമാണ്. അമിത ജലസേചനം മൂലം കിഴങ്ങുകളുടെ നീളം വർദ്ധിക്കുകയും വണ്ണം കുറയുകയും ചെയ്യുന്നു. മൈക്രോസ്പ്രിംങ്ക്ളർ വഴിയുള്ള ജലസേചനമാണ് ഈ കൃഷിക്ക് ഏറ്റവും അനുയോജ്യം. എന്നിരുന്നാലും മറ്റു രീതികളും ഉപയോഗിക്കാം. ഇതൊരു മഴക്കാല വിള ആയതിനാൽ ജലസേചനം അത്ര അനിവാര്യമല്ല.കളനിയന്ത്രണം വളരെ അനിവാര്യമാണ്. കളനാശിനികൾ ഉപയോഗിക്കുന്നത് അഭികാമ്യമല്ല. ഏതെങ്കിലും രോഗലക്ഷണം കാണുകയാണെങ്കിൽ 0.1% ബാവിസ്റ്റിൻ ചെടിയുടെ ചുവട്ടിൽ ഒഴിച്ചുകൊടുത്താൽ മതി.

നട്ട് മൂന്നാം മാസം മുതൽ ചെടി പൂഷ്പിക്കാൻ തുടങ്ങും. ഈ പൂക്കൾ മുറിച്ചു മാറ്റണം. ഒക്ടോബർ, നവംബർ മാസങ്ങളോടെ ഇലകൾ ഉണങ്ങി കൊഴിഞ്ഞു പോകാൻ തുടങ്ങും. അപ്പോൾ വിളവെടുക്കാൻ ശ്രമിക്കരുത്. പാകമാകുമ്പോൾ കിഴങ്ങുകൾ നല്ല തവിട്ടു നിറത്തിലോ ഇളം കറുപ്പു രാശിയോ ആകുന്നു. ഡിസംബർ_ ജനുവരി മാസങ്ങളിൽ വിളവെടുപ്പു ആരംഭിക്കാം. വിളവെടുക്കുമ്പോൾ കിഴങ്ങുകൾക്ക് ക്ഷതമേൽക്കാതെ ശ്രദ്ധിക്കണം. വലിയ കിഴങ്ങുകൾ വിൽപ്പനക്കും ചെറിയ കിഴങ്ങുകളെ നടീൽ വസ്തുവായും ഉപയോഗിക്കാം. വിളവെടുത്ത കിഴങ്ങുകൾ നല്ല പോലെ കഴുകി ഒരു ഗ്ലാസ്സ് കഷണം കൊണ്ട് പുറംതൊലി ചുരണ്ടി വൃത്തിയാക്കി ഉണക്കാം. ഉണങ്ങുമ്പോൾ കിഴങ്ങുകളുടെ ഭാരം പച്ചകിഴങ്ങിന്റെ 20% വരെ ആയി കുറയുന്നു. ഒരേക്കറിൽ നിന്ന് 4_6 ഇരട്ടി വരെ (2000_3000 കി. ഗ്രാം./ ഏക്കർ) വിളവ് ലഭിക്കുന്നു. നടാൻ ഉള്ള കിഴങ്ങുകൾ വൃത്തിയാക്കേണ്ട ആവശ്യമില്ല. അവയെ പ്രത്യേകം തയ്യാറാക്കിയ അറകളിലൊ, മണ്ണിൽ തയ്യാറാക്കിയ കുഴികളിൽ മണൽ നിറച്ചോ സൂക്ഷിക്കാവുന്നതാണ്. ഈ കിഴങ്ങുകൾക്കു് യാതൊരുവിധ കേടുപാടുകളും ഉണ്ടാകരുത്

വിൽപ്പനക്കുള്ള കിഴങ്ങുകൾ തൊലികളഞ്ഞതിനുശേഷം 3-4 ദിവസം വെയിലത്തോ അല്ലെങ്കിൽ താഴ്ന്ന ഊഷ്മാവിൽ കൃത്രിമമായോ ഉണക്കാവുന്നതാണ്. ഉണങ്ങിയെടുത്ത മുസലി പോളിത്തീൻ കവറിൽ

നന്നായി പായ്ക്ക് ചെയ്തു ഈർപ്പം തട്ടാതെ സൂക്ഷിക്കണം. ഉണക്കിയ കിഴങ്ങുകൾക്ക് നിലവിൽ കിലോഗ്രാമിന് 1500 രൂപ വരെ വിലയുണ്ട്. നടുവാനുള്ള കിഴങ്ങുകൾക്ക് കിലോഗ്രാമിന് 500 രൂപയാണ് വില.

## ആടലോടകം

### പ്രാധാന്യം

അക്കാൻതേസിയേ കുടുംബത്തിലെ അംഗമായ ആടലോടകം രണ്ടു തരമുണ്ട്. ചെറിയ ആടലോടകം അഥവാ ചിറ്റാടലോടകവും (ആഡത്തോട ബെഡോമി) വലിയ ആടലോടകവും (ആഡത്തോട സൈലാനിക്ക). വസാക എന്ന് സംസ്കൃതത്തിലും മലബാർ നട്ട് എന്ന് ഇംഗ്ലീഷിലും പറയപ്പെടുന്നു. പ്രത്യേക പരിചരണമൊന്നുമില്ലാതെ കൊടും വേനലിൽ പോലും നല്ല പച്ചയായി നിൽക്കുമെന്നതിനാലും കന്നുകാലികൾക്ക് പഥ്യമല്ലാത്തതു കൊണ്ടും വേലിപ്പടർത്തലുകൾക്ക് വളരെ അനുയോജ്യമാണ്. വലിയ ആടലോടകം ഇന്ത്യയിലുടനീളം കണ്ടു വരുന്നു എന്നാൽ ചെറിയ ആടലോടകം കേരളത്തിൽ മാത്രം കാണപ്പെടുന്നു. നിറയെ ഇലകളുള്ള ഒരു നിത്യഹരിത കുറ്റിച്ചെടിയാണിത്. കുറിയ പ്രകൃതിയും, ശിഖരങ്ങളുടെ എണ്ണക്കുറവും, ഇലകളുടേയും ഇലഞെട്ടിന്റെയും ചെറുപ്പവും, വീതികുറഞ്ഞ ഇലകളും പ്രത്യക്ഷത്തിൽ തന്നെ ചെറിയ ആടലോടകത്തെ തിരിച്ചറിയാൻ സഹായിക്കുന്നു. സ്റ്റൊമാറ്റ ഇലകളുടെ രണ്ടു വശത്തും കാണപ്പെടുന്നു എന്നത് ചെറിയ ആടലോടകത്തിന്റെ പ്രത്യേകതയാണ്. ചെറിയ പൂക്കളും, ദളങ്ങളിൽ പർപ്പിൾ നിറത്തിലുള്ള വരകൾ ഇല്ല എന്നതും രോമാവൃതമല്ലാത്ത ഓവറിയും ചിറ്റാടലോടകത്തെ വ്യത്യസ്തമാക്കുന്നു.

### കൃഷിരീതികൾ

തണ്ടു മുറിച്ചു നട്ടാണ് വംശവർദ്ധനവ്. 3–4 മുട്ടുകളുള്ള അഗ്രഭാഗമാണ് നടാൻ ഏറ്റവും യോജിച്ചത്. കൂടുതൽ ചെടികൾ ആവശ്യമായി വരുമ്പോൾ താഴെയുളള തണ്ടും നടാൻ ഉപയോഗിക്കാം. പോട്ടിംഗ് മിശ്രിതം നിറച്ച പ്ളാസ്റ്റിക് കൂടുകളിൽ നട്ടു വേരു പിടിപ്പിച്ചതിനു ശേഷം 2 മാസത്തിനുള്ളിൽ പറിച്ചുനടാം.ഉഴുതോ കിളച്ചോ മണ്ണു നല്ലവണ്ണം പാകപ്പെടുത്തണം. ചെറുവരമ്പുകളിലോ കൂനകൂട്ടിയോ നടാം. വരമ്പുകൾ തമ്മിൽ 60 സെ. മീ. അകലവും ചെടികൾ തമ്മിൽ 30 സെ. മീ. അകലവും നൽകാം. കാലവർഷാരംഭത്തോടുകൂടി വേരുപിടിപ്പിച്ച കമ്പുകൾ നട്ടു കൊടുക്കാം.സാധാരണയായി വളപ്രയോഗം കാര്യമായി ചെയ്യാറില്ലെങ്കിലും വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുമ്പോൾ ഉയർന്ന വിളവിന് വളപ്രയോഗം അത്യന്താപേക്ഷിതമാണ്. ഹെക്ടറൊന്നിന് 10 ടൺ ജൈവവളവും നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ് എന്നിവ 50:50:50 കിലോഗ്രാം എന്ന അനുപാതത്തിലും നൽകണം. ഫോസ്ഫറസ് മുഴുവൻ അടിവളമായും നൈട്രജനും പൊട്ടാസ്യവും രണ്ടു തവണകളായും (2–ാം മാസത്തിലും 4–ാം മാസത്തിലും) പ്രയോഗിക്കാവുന്നതാണ്. എന്നാൽ ജൈവവളങ്ങൾക്ക് ഊന്നൽ നൽകിയുള്ള വളപ്രയോഗമാണ് അഭികാമ്യം. ഹെക്ടറൊന്നിന് 20 ടൺ ജൈവവളം, 100 കിലോഗ്രാം എല്ലുപൊടി, 500 കിലോഗ്രാം വേപ്പിൻ പിണ്ണാക്ക്, ജീവാണുവളങ്ങളായ ട്രൈക്കോഡെർമ, ആർബസ്കുലാർ മൈക്കോറൈസ, സ്യൂഡോമോണാസ് ഫ്ളൂറസെൻസ് എന്നിവ 2 കിലോഗ്രാം ഒരു ഹെക്ടറിന് എന്ന തോതിൽ പ്രയോഗിക്കുന്നത് കീടരോഗ പ്രതിരോധശക്തി വർദ്ധിപ്പിക്കുന്നതിന് സഹായിക്കും. കളകൾ നശിപ്പിച്ചതിനു ശേഷം മേൽവളപ്രയോഗം നടത്തി മണ്ണു കയറ്റികൊടുക്കണം. ഇടവിളയായി കൃഷി ചെയ്യുമ്പോൾ കള ശല്യം താരതമ്യേന കുറവാണ്. വേനൽക്കാലത്ത് ചെറുതായി നനച്ചുകൊടുക്കണം.ആടലോടകം സമൂലമായും ഇലയുടെ ആവശ്യത്തിനും വേരിനായും ശേഖരിക്കാറുണ്ട്. വിളവെടുപ്പ് ഉപയോഗത്തിനനുസരിച്ച് ക്രമീകരിക്കണം. ഇലയുടെ ആവശ്യത്തിന് ഒന്നാം വർഷം മുതൽ ഇല ശേഖരിക്കാം. വേരിനായി ശേഖരിക്കുമ്പോൾ 2 വർഷം കഴിഞ്ഞ് പറിക്കുന്നതാണ് നല്ലത്. ഡിസംബർ–ജനുവരി മാസങ്ങൾ വിളവെടുപ്പിന് നല്ല സമയമാണ്. ഈ സമയത്ത് ചെടിയിലുള്ള ആൽക്കലോയ്ഡ് കൂടുതലായിരിക്കും. മണ്ണിളക്കി വേര് മുഴുവനായും ശേഖരിക്കണം. വെള്ളത്തിൽ കഴുകി വൃത്തിയാക്കിയതിനു ശേഷം പച്ചയായോ ഉണക്കിയതിനു ശേഷമോ വിപണനം ചെയ്യാം. ഒരു ഹെക്ടറിൽനിന്നും പച്ചയായി 25 മുതൽ 30 ടൺ വരെ വിളവ് സമൂലം ലഭിക്കുന്നതിൽ വേര് 6 മുതൽ7 ടൺ വരും. അധികം തണലില്ലാത്ത സ്ഥലങ്ങളിലാണ് കൂടുതൽ വിളവ് ലഭിക്കുന്നതെങ്കിലും കേരളത്തിലെ സ്ഥലപരിമിതി കണക്കിലെടുക്കുമ്പോൾ തെങ്ങിൻ തോപ്പിലേക്ക് ചേർന്ന ഒരു ഇടവിളയായി ഇതിനെ കണക്കാക്കാം.

## കിരിയാത്ത്

### പ്രാധാന്യം

ആയുർവ്വേദ ചികിൽസാ സമ്പ്രദായത്തിൽ വളരെ പ്രാധാന്യമുള്ള ഒരു ഔഷധസസ്യമാണ് കിരിയാത്ത്. ഏകവാർഷിക ഔഷധിയായ ഈ സസ്യത്തിന്റെ സമൂലം ഔഷധമായി ഉപയോഗിക്കാറുണ്ട്. കേരളത്തെ കൂടാതെ 1000–2500 മീ. വരെ ഉയരമുള്ള ഹിമാലയ പ്രാന്തങ്ങളിലും, കാശ്മീർ, കാശി പ്രദേശങ്ങളിലും ഈ ചെടി സുലഭമാണ്. കിരിയാത്ത് ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ സമാനഗുണങ്ങളുള്ള നിലവേപ്പും വെള്ളറുകും മറ്റും പകരമായി ഉപയോഗിക്കാറുണ്ട്. മഞ്ഞപ്പിത്തം, കരൾരോഗങ്ങൾ, ശരീരത്തിനുണ്ടാകുന്ന വിളർച്ച, പിത്തദോഷങ്ങൾ മുതലായവയ്ക്ക് കിരിയാത്ത് ഔഷധമായി ഉപയോഗിക്കാറുണ്ട്. രക്തം ശുദ്ധീ

കരിക്കുന്നതിനും, കഷായമുണ്ടാക്കിക്കഴിച്ചാൽ മലശോധനയ്ക്കും കിരിയാത്ത് നല്ലതാണ്. മുലപ്പാൽ ശുദ്ധീകരിക്കുന്നതിനും മുറിവുണക്കുന്നതിനും കിരിയാത്തിന് ശക്തിയുണ്ട്.

## കൃഷിരീതികൾ

അക്കാന്തേസിയേ എന്ന സസ്യകുടുംബത്തിൽവരുന്ന കിരിയാത്തിന്റെ ശാസ്ത്രനാമംആൻഡ്രോഗ്രാഫിസ് പാനിക്കുലേറ്റ എന്നാണ്.വളക്കൂറുള്ള മണൽ മണ്ണാണ് കിരിയാത്തിന് യോജിച്ചത്. ഉഷ്ണമേഖലാ പ്രദേശ ങ്ങളിൽ കിരിയാത്ത് നന്നായി വളരും.നന്നായി ഉഴുതുമറിച്ച മണ്ണിൽ ചാണകവും കമ്പോസ്റ്റും ഇട്ടിളക്കി മൂന്നു മീറ്റർ നീളവും ഒന്നര മീറ്റർ വീതിയും പതിനഞ്ച് സെ. മീ. ഉയരവുമുള്ള തടങ്ങൾ എടുത്ത് കിരി യാത്ത് നടാം. തടങ്ങൾ തമ്മിൽ ഒരു മീറ്റർ അകലം ഉണ്ടാവണം. പാകാനായി തിരഞ്ഞെടുത്ത വിത്തുകൾ ഏകദേശം ആറ് മണിക്കൂർ വെള്ളത്തിലിട്ട് കുതിർത്തശേഷം ഏതാണ്ട് 20 സെ. മീ. അകലത്തിൽ നടാം. 15 –20 ദിവസത്തിനുള്ളിൽ തൈകൾ മുളച്ചു വരും. ചൂടുള്ള മാസങ്ങളിൽ തൈകൾ നനച്ചുകൊടുക്ക ണം.തൈകൾ നട്ടശേഷം മൂന്നാം മാസം മുതൽ പുഷ്പിച്ചു തുടങ്ങും. പുഷ്പിച്ച ചെടികൾ മുഴുവനായി പറിച്ചെടുക്കാം.പറിച്ചെടുത്ത ചെടികൾ ചെറിയ കെട്ടുകളാക്കി 4–5 ദിവസം വെയിലിൽ ഉണങ്ങിയെടുക്ക ണം. ഒരു ഹെക്ടർ സ്ഥലത്തുനിന്നും ഏകദേശം 1.35 ടൺ ഉണങ്ങിയ ചെടികൾ ലഭിക്കും.

# ഓരില

## പ്രാധാന്യം

ദശമൂലങ്ങളിൽ വരുന്ന ഒരു ഔഷധസസ്യമാണ് ഓരില. ഓരിലയുടെ വേരാണ് പ്രധാനമായും ഔഷധനിർമ്മാണത്തിന് ഉപയോഗിക്കുന്നത്. വൃക്ഷങ്ങളുടെ തണലിൽ വളരുന്ന ഒരു കുറ്റിച്ചെടിയാണ് ഓരില. ഹൃദ്രോഗത്തിനും വാതരോഗങ്ങൾക്കുമാണ് ഓരില പ്രധാനമായും ഉപയോഗിക്കുന്നത്. ഓരിലവേര് ചതച്ച് പാൽകഷായമുണ്ടാക്കി കഴിക്കുന്നത് ഹൃദയരോഗങ്ങൾക്ക് നല്ലതാണ്. ഹൃദയപേശികളെ ബലപ്പെടു ത്തുകയും ത്രിദോഷങ്ങളെ ശമിപ്പിക്കുകയും ചെയ്യുന്ന ഒരു ഔഷധിയാണിത്. വയറിനുണ്ടാകുന്ന രോഗ ങ്ങൾ, പനി, ഒടിവ്, ചതവ്, ശ്വാസകോശരോഗങ്ങൾ മുതലായവയുടെചികിൽസക്കും ഓരില ഉപയോഗിക്കാ റുണ്ട്. ദശമൂലാരിഷ്ടത്തിലെ ഒരു ചേരുവ ഓരിലയാണ്.

## കൃഷിരീതികൾ

ഏകദേശം 90–120 സെ. മീ. വരെ ഉയരത്തിൽ വളരുന്ന ഒരു ഔഷധസസ്യമാണിത്. ഡെസ്മോ ഡിയം ഗാൻജെറ്റിക്കം എന്നാണ് ഇതിന്റെ ശാസ്ത്രനാമം. ഇത് ഫാബേസിയേ എന്ന സസ്യകുടുംബത്തിൽ പെടുന്നു.ഓരില എല്ലാത്തരം മണ്ണിലും വളരുമെങ്കിലും നീരൊഴുക്കു കൂടിയതും ക്ഷാരഗുണം കൂടിയതു മായ മണ്ണിൽ നന്നായി വളരില്ല. ഓരിലയുടെ കൃഷിയ്ക്ക് ഏറ്റവും യോജിച്ചത് മണൽ മണ്ണാണ്. ഉഷ്ണമേ ഖലാ പ്രദേശങ്ങളിലാണ് ഓരില നന്നായി വളരുന്നത്.വിത്ത് മുളപ്പിച്ചാണ് തൈകളുണ്ടാക്കുന്നത്. വിത്ത് നേരിട്ട് കൃഷിസ്ഥലത്തു വിതയ്ക്കുകയോ അല്ലെങ്കിൽ നഴ്സറിയിൽ വിത്തു മുളപ്പിച്ച് തൈകൾ കൃഷിസ്ഥ ലത്തേക്ക് മാറ്റി നടുകയോ ആകാം. 40 ഃ 20 സെ. മീ. അകലത്തിൽ വേണം തൈകൾ നടുവാൻ. കൃഷി സ്ഥലം തയ്യാറാക്കുന്ന സമയത്ത് ചാണകമോ കമ്പോസ്റ്റോ നന്നായി മണ്ണിലിട്ട് ഇളക്കിക്കൊടുക്ക ണം.കൂടാതെ ഒരു ഹെക്ടർ സ്ഥലത്തിൽ 10 കിലോഗ്രാം പ്രകാരം പാക്യജനകം, ഭാവഹം മുതലായവ ഇട്ടു കൊടുക്കണം. മഴ കുറവുള്ള മാസങ്ങളിൽ ഇടയ്ക്കിടയ്ക്ക് നനച്ചു കൊടുക്കുന്നത് നല്ലതാണ്. കൃഷിസ്ഥ ലത്ത് കളകൾ വളരാതെ നോക്കണം.കൃഷിചെയ്ത ഓരില 8–9 മാസത്തിനകം വിളവെടുക്കാൻ പാക മാകും. ഒരു ഹെക്ടർ സ്ഥലത്തുനിന്നും വർഷത്തിൽ ഏകദേശം 500–700 കിലോഗ്രാം വേര് ലഭിക്കും.ചെടി കൾ വേരോടുകൂടി പിഴുതെടുത്ത് വേര് മുറിച്ചുമാറ്റി ശേഖരിക്കാം.

# നീലയമരി

## പ്രാധാന്യം

നീലി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന നീലയമരി പേരുകേട്ട ഒരു ഔഷധസസ്യമാണ്. നീലി ഭൃംഗാദിയെണ്ണ, നീലിതുളസ്യാദിതൈലം, നീലിതുളസ്യാദി കഷായം തുടങ്ങിയവയിലെ അവിഭാജ്യഘടക മാണ് നീലയമരി. പ്രകൃതിദത്തമായ നീലം (ഇൻഡിഗോ) ഉൽപ്പാദിപ്പിക്കുന്ന ഒരു ചെടിയുമാണിത്. ആസ്ത്മ, വില്ലൻചുമ, വയറുവേദന, തലചുറ്റൽ, വാതരക്തം, വാത കഫരോഗങ്ങൾ, കരൾ, വൃക്ക, ഹൃദയ സംബന്ധിയായുള്ള രോഗങ്ങൾ തുടങ്ങിയവയ്ക്ക് നീലയമരി ഒരു പ്രധാന ഔഷധമാണ്. നീലയമരിയുടെ ഇല ഇടിച്ചു പിഴിഞ്ഞ നീര് സേവിക്കുന്നത് ഉദര–വൃക്ക രോഗങ്ങൾക്ക് അത്യുത്തമമാണ്. നീലയമരിയുടെ വിഷഹരസ്വഭാവം സുപ്രസിദ്ധമാണ്. പേപ്പട്ടിവിഷം ബാധിച്ചവർക്ക് ഇലയുടെ നീര് തുല്യ അളവിൽ പാലിൽ ചേർത്തു തുടർച്ചയായി മൂന്നു ദിവസം രാവിലെ നൽകുന്നത് നല്ലതാണ്. വിഷജന്തുക്കൾ കടിച്ചാൽ ഇലയുടെ നീര് കഴിക്കുന്നതും കടിവായിൽ പുരട്ടുന്നതും നല്ലതാണ്. ത്വക്ക് രോഗങ്ങൾ, പൊള്ളൽ, വ്രണം മുതലായവയ്ക്ക് ഇല ബാഹ്യമായി അരച്ചിടാവുന്നതാണ്. മുടി വളരുന്നതിനും മുടികൊ ഴിച്ചിൽ കുറയ്ക്കുന്നതിനും അകാലനര തടയുന്നതിനും അമരിയിലയുടെ നീര് എണ്ണ കാച്ചിത്തേക്കുന്നത്

ഉത്തമമാണ്. അമരിവേരുകൊണ്ടുള്ള കഷായം ആർസനിക് വിഷബാധയ്ക്ക് പ്രതിവിഷമായി ഉപയോഗിക്കുന്നുണ്ട്. കൂടാതെ നീലയരി ബയോ ഫെൻസിംഗിനും പറ്റിയ ചെടിയാണ്.

## കൃഷിരീതികൾ

പാപിലോണേസിയേ എന്ന സസ്യകുടുംബത്തിൽ പെടുന്ന ഇതിന്റെ ശാസ്ത്രനാമം ഇൻഡിഗോഫെറ ടിങ്ടോറിയ (*Indigofera tinctoria*) എന്നാണ് . അത്യുൽപ്പാദനശേഷിയുള്ള ഇനമൊന്നും നീലയമരിയിൽ വികസിപ്പിച്ചെടുത്തിട്ടില്ല. ആയതിനാൽ, നാടൻ ഇനങ്ങളാണ് കൃഷി ചെയ്യുന്നത്.നീലയമരി സമതലങ്ങളിലും കുന്നിൻചെരിവുകളിലും വളരുമെങ്കിലും നല്ലവണ്ണം സൂര്യപ്രകാശം ആവശ്യമാണ്. ഉദ്ദേശം 40°C വരെ ചൂടു സഹിക്കാനുള്ള കഴിവിതിനുണ്ട്. പശിമരാശി മണൽ മണ്ണാണ് ഉത്തമം. വെള്ളക്കെട്ടുള്ള പശമണ്ണും ഇതിനു യോജിച്ചതല്ല. ഈർപ്പവും ജൈവാംശവും നീർവാർച്ചയുമുള്ള മണ്ണിൽ നീലയമരി തഴച്ചുവളരും.നീലയമരി മരുന്നു നിർമ്മാതാക്കൾക്ക് ഏറ്റവും അധികം ആവശ്യമായി വരുന്നത് ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ്. കാരണം നീലിഭൃംഗാദിതൈലത്തിലെ മറ്റൊരു പ്രധാന ചേരുവയായ നെല്ലിക്ക സുലഭമായ കാലമാണിത്. വിത്തു നേരിട്ടു വിതച്ചും തവാരണകളിൽ തൈയ്യുണ്ടാക്കി പറിച്ചുനട്ടും കൃഷി ചെയ്യാം. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലാണ് വിത്തു പാകാൻ ഏറ്റവും അനുയോജ്യം. ഹെക്ടർ ഒന്നിന് 3–4 കിലോഗ്രാം വിത്തു വേണം. വിത്ത് മണലുമായി കലർത്തി മൃദുവായി ഉരസിയ ശേഷം നട്ടാൽ അവയുടെ അങ്കുരണശേഷി വർദ്ധിച്ചു കിട്ടും. തീരെ ചെറിയ വിത്തായതിനാൽ അവ 2–3 ഇരട്ടി മണലുമായി കലർത്തി പാകുകയാണ് പതിവ്. വിത്ത് പാകിയ ശേഷം തവാരണകളുടെ മുകളിൽ പുതയിട്ട് നനച്ചു കൊടുക്കണം. ഉദ്ദേശം രണ്ടാഴ്ചക്കുള്ളിൽ വിത്തുകൾ മുളച്ചു വരും. നീലയമരി നടാൻ ഉദ്ദേശിക്കുന്ന സ്ഥലം ഹെക്ടർ ഒന്നിന് 10–15 ടൺ കാലിവളമെന്ന തോതിൽ ചേർത്ത് നല്ലവണ്ണം ഉഴുതൊരുക്കണം. ഇങ്ങനെയൊരുക്കിയ സ്ഥലത്തേക്ക് ഏകദേശം ഒരു മാസം പ്രായമായ തൈകൾ 30–50 സെ.മീ. അകലത്തിൽ പറിച്ചു നടാവുന്നതാണ്. നട്ട് ഒരു മാസവും രണ്ടു മാസവും കഴിയുമ്പോൾ കളയെടുക്കണം. രാസവളങ്ങൾ സാധാരണയായി ഉപയോഗിക്കാറില്ല. നല്ല രീതിയിൽ പരിചരിച്ചാൽ3–4 മാസങ്ങൾക്കുള്ളിൽ ചെടികൾ പൂക്കാൻ തുടങ്ങും.നീലയമരി പൂക്കാൻ അനുവദിച്ചാൽ ഇലയുടെ വിളവ് കുറയും. ധാരാളം ഇല വിളവെടുക്കാൻ നീലയമരി പൂക്കാൻ തുടങ്ങുമ്പോഴേയ്ക്കും മുറിച്ചെടുക്കണം. തറനിരപ്പിൽ നിന്നും 30 സെ. മീ. ഉയരത്തിൽ വച്ച് ചെടികൾ മുറിച്ചെടുത്ത് വിപണനം നടത്താം. ഏകദേശം 1.5–2 മാസം ഇടവിട്ട് തുടർന്നും വിളവെടുക്കാം. കൂട്ടത്തിൽ ക്രമമായ ജലസേചനവും ജൈവവളപ്രയോഗവും നടത്തണം. ഇങ്ങനെ 3–4 വിളവെടുപ്പുകൾക്ക് ശേഷം വിത്തിനുവേണ്ടി കുറച്ചുചെടികൾ നിലനിർത്തി ബാക്കി ചെടികൾ വേരുകൾ സഹിതം പറിച്ചെടുത്ത് ഉപയോഗിക്കാവുന്നതാണ്. വിത്തിനുള്ള ചെടികളിൽ നിന്ന് മൂപ്പെത്തിയ കായ്കൾ പൊട്ടിപ്പോകുന്നതിനു മുമ്പ് രാവിലെ തന്നെ ശേഖരിക്കേണ്ടതാണ്. ഒരു ഹെക്ടർ നീലയമരി കൃഷിയിൽനിന്നും ഉദ്ദേശം 2500–3500 കിലോഗ്രാം ഇലയും 1000–1200 കിലോഗ്രാം വേരും ലഭിക്കും.

# തുളസി

## പ്രാധാന്യം

കേരളീയർക്ക് സുപരിചിതമായ ഒരു ഔഷധസസ്യമാണ് തുളസി. കൃഷ്ണതുളസിയും രാമതുളസിയുമാണ് കൂടുതൽ അറിയപ്പെടുന്ന തുളസികൾ. ഹിന്ദുക്കൾക്ക് ഏറ്റവും പ്രാധാന്യമുള്ള ഒരു സസ്യമാണ് തുളസി. വീട്ടുമുറ്റത്തുള്ള തുളസിത്തറയിൽ സാധാരണയായി ഈ സസ്യം വളർത്താറുണ്ട്. തുളസിയുടെ എല്ലാ ഭാഗങ്ങൾക്കും ഔഷധഗുണമുണ്ട്. പനി ശമിപ്പിക്കുന്നതിനും ഉദര കൃമി ഇല്ലാതാക്കുന്നതിനും ആഹാരത്തിന് രുചിയുണ്ടാക്കുന്നതിനും, തേൾ, പാമ്പ്, ചിലന്തി മുതലായവയുടെ വിഷത്തിനു പ്രതിവിധിയായും തുളസി ഉപയോഗിക്കാറുണ്ട്. കൂടാതെ, മൂത്രം വർദ്ധിക്കുന്നതിനും കഫസംഹാരിയായും ഉപയോഗിക്കാറുണ്ട്.

## കൃഷിരീതികൾ

തുളസിയിൽ പലയിനങ്ങളുണ്ടെങ്കിലും കൃഷ്ണതുളസിയും രാമതുളസിയുമാണ് ഏറ്റവും അധികം പ്രചാരത്തിലുള്ള തുളസിയിനങ്ങൾ. കൂടാതെ കർപ്പൂര തുളസി, വൈകുണ്ഠതുളസി, കാട്ടുതുളസി, ക്ലോസിമം തുടങ്ങിയ ഇനങ്ങളുണ്ട്. ക്ലോസിമം ഒരു ഹൈബ്രിഡ് തുളസിയിനമാണ്. ഓസിമം എന്ന ജീനസിൽ വരുന്ന തുളസിയിനങ്ങൾ ലാമിയേസിയേ എന്ന സസ്യകുടുംബത്തിലെ അംഗങ്ങളാണ്.തുളസി സാധാരണയായി എല്ലാത്തരം മണ്ണിലും വളരുമെങ്കിലും സാമാന്യം വളക്കൂറുള്ള മണൽ മണ്ണിലാണ് നന്നായി വളരുന്നത്. മഴ കൂടുതലുള്ള പ്രദേശങ്ങളിലും മഞ്ഞു വീഴ്ചയുള്ള സ്ഥലങ്ങളിലും തുളസി വളരില്ല.വിത്തുമുളപ്പിച്ചാണ് തൈകൾ ഉണ്ടാക്കുന്നത്. നഴ്സറിയിൽ വിത്തുമുളപ്പിച്ച് തൈകൾ ഉണ്ടാക്കിയ ശേഷം കൃഷിസ്ഥലത്തേക്ക് മാറ്റിനടുകയാണ് ചെയ്യുന്നത്. ഒരു ഹെക്ടർ സ്ഥലത്തുനിന്നും ഏകദേശം 125 കിലോഗ്രാം വിത്തു വരെ ലഭിക്കും. 6–10 സെ. മീ. വളർച്ചയെത്തിയ തൈകൾ 40–60 സെ. മീ. അകലത്തിൽ നടാം. 10–15 ടൺ ചാണകമോ കമ്പോസ്റ്റോ ഒരു ഹെക്ടർ സ്ഥലത്തിന് എന്ന തോതിൽ ചേർക്കണം. പാകൃജനകം, ഭാവഹം, ക്ഷാരം ഇവ 40:40:40 കിലോഗ്രാം എന്ന തോതിൽ മണ്ണിൽ ചേർത്തുകൊടുക്കണം. പാകൃജനകം, ഭാവഹം, ക്ഷാരം ഇവയുടെ തോത് 120:100:100 കിലോഗ്രാം വരെ ഉയർത്തിയാൽ കൂടുതൽ വിളവ് ലഭിക്കും. വേനൽക്കാലത്ത് ആഴ്ചയിൽ ഓരോ നന കൊടുക്കണം.നട്ട തൈകൾ 9–12 ആഴ്ചകൾക്കു –

ശേഷം മുറിച്ചെടുക്കാം. ചുവട്ടിലുള്ള ഇലകൾ മഞ്ഞ നിറമായി തുടങ്ങുന്നതാണ് വിളവെടുക്കാറായി എന്നതിന്റെ സൂചന. നല്ല തൈലം ലഭിക്കുന്നതിന് ചെടിയുടെ നന്നായി പുഷ്പിച്ച തലയറ്റം മാത്രം മുറിച്ചെടുക്കുന്നതാണ് ഉത്തമം. ചില സ്ഥലങ്ങളിൽ ഒരു ചെടിയിൽനിന്നും നാല് പ്രാവശ്യം വരെ വിളവെടുക്കാം. ചെടി നന്നായി പുഷ്പിച്ചു കഴിയുമ്പോൾ ആദ്യ വിളവെടുപ്പും തുടർന്നുള്ള 15–20 ദിവസം ഇടവിട്ട് മറ്റു വിളവെടുപ്പുകളും നടത്താം. ആദ്യ വിളവെടുപ്പിന് ഏകദേശം 3–4 ടൺ പൂക്കളും തുടർന്നുള്ള വിളവെടുപ്പുകളിൽ നിന്നുമായി ഒരു ഹെക്ടർസ്ഥലത്തുനിന്നും 10–15 ടൺ ഇലയും ലഭിക്കും.പൂക്കളും ഇലയും ആവി വാറ്റിയാണ്തൈലം വേർതിരിക്കുന്നത്. പൂക്കളിൽനിന്നുംലഭിക്കുന്ന തൈലമാണ് കൂടുതൽ നല്ലത്. 1–1.5മണിക്കൂർ ആണ് ഒരു വാറ്റിനുള്ള സമയം.സാധാരണയായി 15–20 കിലോഗ്രാം പൂക്കളിൽനിന്നുകിട്ടുന്ന തൈലവും 10 –15 കിലോഗ്രാംഇലയിൽ നിന്നുള്ള തൈലവും ഒരു ഹെക്ടർസ്ഥലത്തു നിന്നും ലഭിക്കും.

## ചെത്തിക്കൊടുവേലി

### പ്രാധാന്യം

പ്ലംബാഗോ ഇൻഡിക്ക എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന ചെത്തികൊടുവേലി പ്ലംബാജിനേസിയേ കുടുംബത്തിലെ അംഗമാണ്. ചിത്രക് എന്ന് സംസ്കൃതത്തിലും റോസ കളേഴ്സ് റെഡ്മെർട്ട് എന്ന് ഇംഗ്ലീഷിലും പറയപ്പെടുന്നു. തിരുവാതിരപൂ എന്ന് വിശേഷിപ്പിക്കുന്ന ഇതിന്റെ ചുവന്ന പൂക്കൾ അത്യന്തം മനോഹരവും പൂന്തോട്ടത്തിന് അലങ്കാരവുമാണ്. ഇതിനുപുറമെ വെള്ളകൊടുവേലിയും (പ്ലംബാഗോ സൈലാനിക്ക) നീലകൊടുവേലിയും (പ്ലംബാഗോ കാപെൻസിസ്) പ്രചാരത്തിലുണ്ടെങ്കിലും കേരളത്തിൽ കൃഷി ചെയ്യപ്പെടുന്നതും ഔഷധനിർമ്മാണ രംഗത്ത് ഏറെ ഉപയോഗിക്കപ്പെടുന്നതും ചെത്തികൊടുവേലിയാണ്. ഏതാണ്ട് അരമീറ്റർ മുതൽ ഒരു മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഒരു ദീർഘകാല വിളയാണിത്. ഔഷധയോഗ്യമായ ഭാഗം അല്പം തടിച്ച വേരുകളാണ്. ഇതിനെ കിഴങ്ങ് എന്നാണ് പറയുന്നത്.

### കൃഷിരീതികൾ

ചെത്തികൊടുവേലിയിൽ വിത്തുകൾ ഉൽപാദിപ്പിക്കാറില്ല. അതു കൊണ്ട് തണ്ടു മുറിച്ച് വേരു പിടിപ്പിച്ചാണ് വംശവർദ്ധനവ് നടത്തുന്നത്. ഇടത്തരം മൂപ്പുള്ള തണ്ടുകളാണ് നടാൻ ഏറ്റവും യോജിച്ചത്. ഒന്നോ രണ്ടോ മുട്ടുകളുള്ള തണ്ടുകൾ 500 പി. പി. എം., ഐ. ബി.എ. ലായനിയിൽ ഒരു മിനിറ്റ് മുക്കി മിസ്റ്റിൽ വച്ചാൽ വേരു പിടിക്കുന്നത് ത്വരിതപ്പെടുത്തുകയും കൂടുതൽ മുളശതമാനം ലഭിക്കുകയും ചെയ്യും. ഇപ്രകാരം ചെയ്താൽ ഇളം തണ്ടുകളും മൂത്ത തണ്ടുകളും ഒരു പോലെ വേരു പിടിപ്പിച്ചെടുക്കാം. തയ്യാറാക്കിയ തണ്ടുകൾ മണ്ണും മണലും ചാണകവും 1:1:1 എന്ന അനുപാതത്തിൽ തയ്യാറാക്കിയ പോട്ടിംഗ് മിശ്രിതം നിറച്ച പ്ലാസ്റ്റിക് കൂടുകളിൽ നടുന്നു. ആർബസ്കുലാർ മൈക്കോറൈസ പോലുള്ള സൂക്ഷ്മാണുക്കൾ പോട്ടിംഗ് മിശ്രിതത്തിൽ ചേർക്കുന്നത് വേരിന്റെ വളർച്ച കൂട്ടാൻ സഹായിക്കും. രണ്ടു മാസം കൊണ്ട് കമ്പുകൾ പ്രധാന നിലത്ത് നടുവാൻ തയ്യാറാകും.വേരിനു വേണ്ടി നട്ടു വളർത്തുന്നതു കൊണ്ടും ആഴത്തിൽ വേരോടുന്നതു കൊണ്ടും താഴ്ചയിൽ മണ്ണിളക്കി പരുവപ്പെടുത്തണം. 30 സെ. മീ. ഉയരവും അത്രയും തന്നെ വീതിയുമുള്ള വരമ്പുകൾ 50 മുതൽ 60 സെ. മീ. അകലത്തിൽ ഉണ്ടാക്കുന്നു. തണൽ ഇഷ്ടപ്പെടുന്ന വിളയായതിനാൽ തെങ്ങിൻതോപ്പിൽ ഇടവിളയായി കൃഷി ചെയ്യാൻ വളരെ യോജിച്ചതാണ്. ഇപ്രകാരം ഇടവിളയായി കൃഷി ചെയ്യുമ്പോൾ തെങ്ങുകളുടെ രണ്ടു വരികൾക്കിടയിൽ 3 മീറ്റർ നീളത്തിൽ ചെറുവരമ്പുകൾ നിർമ്മിക്കാം. കൊടുവേലിക്കിഴങ്ങിന് നല്ല വിലയും പ്രിയവും ഉള്ളതുകൊണ്ട് ഈ ഇടവിള കൃഷി തെങ്ങിൻതോപ്പിൽ നിന്നുള്ള അറ്റാദായം വർദ്ധിപ്പിക്കാൻ സഹായിക്കും. വേര് കിളച്ചെടുക്കാനുള്ള ബുദ്ധിമുട്ടിനെ മുൻനിർത്തി മണ്ണും വളങ്ങളും നിറച്ച ചാക്കിൽ കൊടുവേലി നടുന്ന സമ്പ്രദായവും ഫലപ്രദമാണ്. കാലവർഷത്തിന്റെ ആരംഭത്തോടുകൂടി നടീൽ തുടങ്ങാവുന്നതാണ്. തയ്യാറാക്കിയ വരമ്പുകളിൽ 15 സെ. മീ. ഇടവിട്ട് വേരു പിടിപ്പിച്ച കമ്പുകൾ നടാം.ഹെക്ടറൊന്നിന് 10 ടൺ ജൈവവളവും നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ് എന്നിവ 50:50:50 കിലോഗ്രാം എന്ന അനുപാതത്തിലും നൽകണം. ഫോസ്ഫറസ് മുഴുവൻ അടിവളമായും നൈട്രജനും പൊട്ടാസ്യവും രണ്ടു തവണകളായും (2–ാം മാസത്തിലും 4–ാം മാസത്തിലും) പ്രയോഗിക്കാവുന്നതാണ്. എന്നാൽ ജൈവവളങ്ങൾക്ക് ഊന്നൽ നൽകിയുള്ള വളപ്രയോഗമാണ് അഭികാമ്യം. ഹെക്ടറൊന്നിന് 20 ടൺ ജൈവവളം, 100 കിലോഗ്രാം എല്ലുപൊടി, 500 കിലോഗ്രാം വേപ്പിൻ പിണ്ണാക്ക്, ജീവാണുവളങ്ങളായ ട്രൈക്കോഡെർമ, ആർബസ്കുലാർ മൈക്കോറൈസ, സ്യൂഡോമോണാസ് ഫ്ളൂറസെൻസ് എന്നിവ 2 കിലോഗ്രാം ഒരു ഹെക്ടറിന് എന്ന തോതിൽ പ്രയോഗിക്കുന്നത് കീടരോഗ പ്രതിരോധശക്തി വർദ്ധിപ്പിക്കുന്നതിന് സഹായിക്കും. കളകൾ നശിപ്പിച്ചതിനുശേഷം മേൽവളപ്രയോഗം നടത്തി മണ്ണു കയറ്റി കൊടുക്കണം. ഇടവിളയായി കൃഷി ചെയ്യുമ്പോൾ കള ശല്യം താരതമ്യേന കുറവാണ്. വേനൽക്കാലത്ത് ചെറുതായി നനച്ചുകൊടുക്കണം.നട്ട് ഒന്നര വർഷം മുതൽ വിളവെടുക്കാമെങ്കിലും ഒന്നര വർഷം കഴിഞ്ഞ് വിളവെടുക്കുന്നതാണ് അഭികാമ്യം. കൂടുതൽ വിളവ് ലഭിക്കുന്നതിനു പുറമെ വേരിൽ അടങ്ങിയിട്ടുള്ള പ്ളംബാജിന്റെ അളവും കൂടുതലായിരിക്കും. ഡിസംബർ–ജനുവരി മാസം വിളവെടുപ്പിന് നല്ലസമയമാണ്. ചുവട് ആഴത്തിൽ കിളച്ച് വേരുകൾ ശേഖരിക്കുന്നു. വെള്ളത്തിൽ നന്നായി കഴുകി പച്ചയായോ തണലിൽ ഉണക്കിയോ വിപണനം ചെയ്യാം. കൊടുവേലിയുടെ വേര് ശരീരഭാഗങ്ങളിൽ സ്പർശിച്ചാൽ പൊള്ളലേൽക്കുന്നതു കൊണ്ട് അത് വളരെ ശ്രദ്ധാ

പൂർവ്വം കൈകാര്യം ചെയ്യേണ്ടതാണ്. കൈയിൽ ഉറകൾ ധരിക്കുന്നത് നല്ലതാണ്.ഹെക്ടറൊന്നിന് 10 ടൺ പച്ചവേര് ലഭിക്കും. ഉണക്കിയാൽ 3–3.5 ടൺ കാണും.

## മൂവില

### പ്രാധാന്യം

ഇന്ത്യയിലുടനീളം കണ്ടുവരുന്ന ഒരു ഔഷധസസ്യമാണ് മൂവില. ഈ സസ്യത്തിന് ത്രിവർണക പത്രങ്ങൾ ഉള്ളതിനാലാണ് മൂവില എന്നു വിളിക്കുന്നത്. പനി, വാതം, ശ്വാസകോശരോഗങ്ങൾ, ഹൃദ്രോഗം എന്നിവക്ക് പ്രതിവിധിയായി മൂവില ഉപയോഗിക്കാറുണ്ട്. മൂവിലയുടെ വേരുകൾ ആണ് പ്രധാനമായും ഔഷധനിർമ്മാണത്തിന് ഉപയോഗിക്കുന്നത്. ദശമൂലം, ഹ്രസ്വ പഞ്ചമൂലം എന്നീ ഔഷധയോഗങ്ങളിലെ ഒരംഗമാണ് മൂവില. രക്തവാതത്തിനും ഹൃദയരോഗങ്ങൾക്കും മൂവില പാൽകഷായം വച്ചു കഴിക്കുന്നത് നല്ലതാണ്. കൂടാതെ ഒടിവ്, ചതവ് മുതലായവയുടെ ചികിൽസക്കും മൂവില ഉപയോഗിക്കാം.

### കൃഷിരീതികൾ

ഫാബേസിയേ സസ്യകുടുംബത്തിൽ വരുന്ന മൂവിലയുടെ ശാസ്ത്രനാമം സ്യൂടാർത്രിയ വിസിഡ എന്നാണ്. എന്നാൽ വടക്കേ ഇൻഡ്യയിൽ ഫാബേസിയേ കുടുംബത്തിൽതന്നെ വരുന്ന യുറേറിയ പിക്റ്റ എന്ന മറ്റൊരു സസ്യമാണ് മൂവിലയായി കണക്കാക്കുന്നത്.ഏകദേശം 60–120 സെ. മീ. വരെ ഉയരം വയ്ക്കുന്ന ഒരു ചെറുസസ്യമാണ് മൂവില. വിത്തുമുളപ്പിച്ചാണ് മൂവിലയുടെ തൈകൾ ഉണ്ടാക്കുന്നത്. വിത്ത് നേരിട്ട് കൃഷിസ്ഥലത്ത് വിതയ്ക്കുകയോ നഴ്സറിയിൽ തയ്യാറാക്കിയ തൈകൾ വച്ചുപിടിപ്പിക്കുകയോ ആകാം. കൃഷിചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ചാണകമോ കമ്പോസ്റ്റോ ഇട്ട് ഇളക്കിക്കൊടുത്ത ശേഷം ഏകദേശം 40×20 സെ. മീ. അകലത്തിൽ വേണം തൈകൾ നടുവാൻ. പാക്യജനകം, ഭാവഹം മുതലായവ കുറഞ്ഞ അളവിൽ നൽകുന്നത് നല്ലതാണ്.നട്ട തൈകൾ 9–10 മാസമാകുമ്പോൾ വിളവെടുപ്പിന് പാകമാകും. ഒരു ഹെക്ടർ സ്ഥലത്തു നിന്നും വർഷത്തിൽ 600–700 കിലോഗ്രാം മൂവിലവേര് ലഭിക്കുംപറിച്ചെടുത്ത ചെടികൾ തണ്ടും ഇലയും നീക്കിയ ശേഷം നന്നായി കഴുകിയെടുത്ത് വെയിലിൽ ഉണങ്ങി സൂക്ഷിക്കാം.

## Correct citation:

Skaria, B. P., Joy, P. P., Mathew, S., Mathew, G., Martin, M., Chacko, B. and Rasheeda, C. A. 2005. Training manual on “Medicinal plants for trade and home remedies (Malayalam)”, 17-18 March 2005, Kerala Agricultural University, Aromatic and Medicinal Plants Research Station, Odakkali, Asamannoor P.O., Ernakulam, India, 108 p.